കഥാചന്ദ്രിക.

പുസ്തകം ൩൰ ഫ്രൻഞ്ച ജാനവർ. ലക്കം ൫.



നിതാന്ത വന്ദ്യ ദിവ്യശ്രീ ഡോക്ടർ ജെയിംസ് കാളാശ്ശേരി.

വിഷയവിവരം.

1. ഒരു നല്ല അമ്മ.
2. പ്രസാധകക്കുറിപ്പുകൾ.
3. ഒരു സ്ത്രീ മൈലേട്ടുക്കണം പറഞ്ഞതു്.
4. തിരുക്കുന്നുരണ (ഗാഥ.)
5. ഒരു സൂത്രം.
6. ക്രിസ്തുമാതൃഭക്തിപീപം (പ്രഹസനം.)
7. ആരോഗ്യവാരം — മനോപ്പള്ളി.
8. താതോപദേശമഞ്ജരി.
9. ലെപ്പീസിയെ കർദിനാൾ.
10. ചെറുപുഷ്പരംഗം.
11. പുതിയ പ്രസിദ്ധീകരണങ്ങൾ.
12. ചെറുപുഷ്പനൊവേന.
13. കൃതജ്ഞതാപ്രകാശനം.

"റാസഞ്ചൻ" എന്ന ദിവ്യൗഷധം.

അകമേയും പുറമേയുമുള്ള എല്ലാത്തരം വേദനകളും, ക്ഷയം, ക്ഷീണം, ആസ്മാ, പുണ്ണ് എന്നിവകളും, വിവിധതര മുറിവുകളും, വ്രണങ്ങളും, ചതവുകളും സുഖപ്പെടുത്തുന്ന ഒരു സിദ്ധൗഷധം.

വാതവും, ഞരമ്പുകളും മാംസപേശികളും സംബന്ധിച്ച രോഗങ്ങളും കൊണ്ടു കഷ്ടപ്പെടുന്നവക്കു 'റാസഞ്ചൻ' സാക്ഷാൽ ഒരു അനുഗ്രഹം തന്നെയാണ്. വില ഡപ്പി ഒന്നുക്കു ഫ. സാമ്പിൾ ഡപ്പിക്കു രൂ. മാത്രം. തപാൽ കൂലി മുതലായതു പുറമെ. ഉപയോഗിക്കേണ്ട ക്രമം ഡപ്പിയോടുകൂടി ഉണ്ടായിരിക്കും.

ഏജണ്ടന്മാരെ ആവശ്യമുണ്ട്. അപേക്ഷിക്കേണ്ടതും മേൽവിലാസം.

ഐ. ജി. ഫ്രാൻസിസ്, കൊച്ചി. OR

സേക്രഡ് ഹാർട്ട് സ ഡിപ്പോ, എറണാകുളം.

പുതിയ ഡിപ്പോ. മിതമായവില.

കുബ്ബാനക്കുപ്പായം, കാപ്പ മുതലായ തിരുവസ്ത്രങ്ങൾ, കൊന്ത, കാശുരൂപം, മെഴുതും വലുതുമായ കടലാസുരൂപങ്ങളും കൊന്തരൂപങ്ങളും, ഇംഗ്ലീഷിലും മലയാളത്തിലും തമിഴിലുമുള്ള പ്രാർത്ഥനപുസ്തകങ്ങളും, മറ്റു മതഗ്രന്ഥങ്ങളും, ഇവയെല്ലാം എറണാകുളം മെത്രാപ്പോലിത്താച്ചൻ തിരുമനസ്സിലെ അരമനയുടെ അടുത്തു തെക്കുവശത്തു ബ്രോഡ വെയിലുള്ള കെട്ടിടത്തിൽസ്ഥാപിച്ചിരിക്കുന്ന തിരുഹൃദയഡിപ്പോയിൽ മിതമായവിലയ്ക്കു വില്ക്കപ്പെടുന്നു. വിലവിവരപ്പട്ടിക (Price List) ആവശ്യപ്പെട്ടാൽ അയച്ചു കൊടുക്കുന്നതും അതിൽനിന്നു കൂടുതൽ വിവരങ്ങൾ അറിയാവുന്നതുമാണ്.

മാനേജർ തിരുഹൃദയഡിപ്പോ,—എറണാകുളം.

വരിക്കാർ അറിവാൻ:— വരിപ്പണം ഇനിയും തന്നിട്ടില്ലാത്തവർ ഫെബ്രുവരി മാസത്തിനുമുമ്പു അതു അയച്ചുതരണം. അല്ലാത്തപക്ഷം അവക്കെല്ലാം അടുത്ത ലക്കം വി. പി. യായി അയയ്ക്കുന്നതാണ്. (കാ. ചാ. പ.)

കഥാചന്ദ്രിക.

എറണാകുളം സെൻറ് മേരീസ് സി. വൈ. എം. എ.-യുടെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നു.

പുസ്തകം ൨. | ൧൯൨൬ ജനുവരി | ലക്കം ൫.

മംഗളം.

"നാഴിപ്പാൽ കൊണ്ടു നാട്ടിനു വിരതകതുകം
ചേത്തിടുന്നോരു വിദ്യ"-
സ്ത്രീത്തട്ടിൽ പ്രതാപപ്രമുരിമപെതുകും
"ചന്ദ്രികേ!" നിൻറെനാഥൻ

പാഴിപ്പുതാഴിമാഴ്കും പടി പൊഴിയുമൊരാ
ഭവ്യനീർതിൻസുഗന്ധം
താഴിപ്പിയ്യുഴിയാഴിയ്ക്കുടിയിലഴിയുമാ
നാഴികയ്ക്കുത്തുവോളം.

ശ്രീമാൻ ആർ. ആൻറണി തൊടുപുഴ.

ഒരു നല്ല അമ്മ.

(൧൨. സക്കറിയാസ് പുവത്തുങ്കൽ.)

കുറെ കൊല്ലങ്ങൾക്കു മുമ്പു ഒരു ദിവസം വൈകുന്നേരം ഇംഗ്ലണ്ടിൽ ഒരു സ്ത്രീ തൻറെ തോട്ടത്തിൽ ഇരുന്നു കാറുകൊണ്ടിരുന്നു. നാലഞ്ചു വയസ്സുള്ള അവളുടെ ഇളയകുട്ടി തോട്ടത്തിൽ അങ്ങുമിങ്ങും ഓടിനടന്നു

കളിച്ചിരുന്നു. പെട്ടന്നു അവൻ കളിനിറുത്തി അമ്മയുടെ മടിയിൽ ചാടിക്കയറി. ചിന്നിച്ചിതറിക്കിടന്ന അവന്റെ മുടിയെല്ലാം ഒതുക്കിവച്ച ശേഷം സുമകോമളമായ ആ ഓമനമുഖത്തു അവൾ ചുംബിച്ചു. അതിനു ശേഷം അവൾ ഇങ്ങനെ പറഞ്ഞു. "എന്റെ ഓമനത്തങ്കമെ, നിന്നെ ഞാൻ എമ്മാത്രം സ്നേഹിക്കുന്നു. എന്നെപ്പോലെ നിന്നെ പ്രിയമുള്ളവർ ഇന്നു ലോകത്തിൽ വേറെ യാരാണുള്ളതു്. അമ്മയുടെ കണ്മണിയേക്കാൾ കൂട്ടനെയാണു് അമ്മയ്ക്കു പ്രീയം. എന്റെ തങ്കമെ! എന്റെ ആയുസ്സെ!" ഒരമ്മയ്ക്കുമാത്രം പറയാൻ സാധിക്കുന്ന തേൻമൊഴികൾ പലതും ആ തരുണീമണി തന്റെ ഓമനയോടു പറഞ്ഞു. കുട്ടിയുടെ ഹൃദയം ആനന്ദംകൊണ്ടു തുടിച്ചു. അവൻ പിടച്ചെണീറ്റു. ആ ചെറുബാലൻ

മുല്ലപ്പൂമൊട്ടുപോലുള്ളമലരുചിവിളങ്ങുന്ന സൌന്ദര്യമേറും
പല്ലുപ്പം കാട്ടിയൊട്ടൊട്ടെഴുമതിമധുരം പുഞ്ചിരിക്കൊഞ്ചലോടെ

നിറുത്തില്ലാതെ അമ്മയെ ചുംബിച്ചുതന്റെ പ്രതിസ്നേഹം പ്രകടിപ്പിച്ചു.

അപ്പോൾ ആ ഭക്തയായ സ്ത്രീ തന്റെ കൈത്തിൽ ധരിച്ചിരുന്ന തുളസ്യപ്പെട്ടരൂപം കയ്യിലെടുത്തു കുട്ടിയെ കാണിച്ചുകൊണ്ടു ഇപ്രകാരം പറഞ്ഞു. "എന്റെ കുഞ്ഞെ, ലോകത്തിൽ അമ്മയേപോലെ നിന്നെ സ്നേഹിക്കുന്നവരാരുമില്ലെന്നു ഞാൻ പറഞ്ഞല്ലൊ. എന്നാൽ എന്നേക്കാൾ ആയിരം ഇരട്ടിയായി നിന്നെ സ്നേഹിക്കുന്ന വേറൊരാളുണ്ടു. അതു് ഈ കുരിശിൽ നീ കാണുന്ന ഒരംശോയത്രെ. അമ്മയുടെ കൈകളിൽ നോക്കുക. അവയിൽ ആണികളൊ മുറിവുകളൊ കാണ്മാനുണ്ടൊ? ഇല്ല. അമ്മയുടെ പാദങ്ങളിൽ നോക്കു. അവയിലും മുറിവുകളൊന്നും കാണ്മാനില്ലല്ലൊ. ഹാ! ഒരംശോയുടെ കൈകളും കാലുകളും എത്ര കഠോരമായി ആണികളാൽ തുളക്കപ്പെട്ടിരിക്കുന്നു. എന്റെ കുഞ്ഞെ, ഇതു നമുക്കു വേണ്ടിയാണു്. അമ്മയുടെ തലയിൽ ആരെങ്കിലും മുൾമുടി വച്ചിട്ടുണ്ടൊ? ഇല്ല. എന്നാൽ ഒരംശോയുടെ തലയിൽ എത്ര ഭയങ്കരമായ മുൾമുടിയാണെ ആ ദുഷ്ടന്മാർ വച്ചിരിക്കുന്നതു്. എന്റെ മാവ് ഒരംശോയുടേതുപോലെ കുന്തംകൊണ്ടു തുളയ്ക്കപ്പെട്ടിട്ടില്ല. എന്റെ ഓമനെ! നീ തന്നെ പറയുക. അമ്മയാണൊ ഒരംശോയാണൊ നിന്നെ അധികം സ്നേഹിക്കുന്നതു്?" ഇതു കേട്ടപ്പോൾ ആ കുട്ടിയുടെ പ്രസന്നമായ മുഖം പെട്ടെന്നു ഗ്ലാനമായി. പ്രായത്തിൽ കവിഞ്ഞ ഒരു ഗൌരവവും അവന്റെ മുഖത്തു നിഴലിച്ചു. അനന്തരം അവൻ ഇങ്ങനെ പറഞ്ഞു. "തീച്ചയായിട്ടും

ഒരംശോ ശിഷ്യന്മാരിൽ ഛഠ പേരെ ശ്രീമന്മാരായി തിരിഞ്ഞെടുത്തു.

അമ്മയേക്കാളും ഒരംശോയാണ് എന്നെ കൂടുതൽ സ്നേഹിക്കുന്നതു". ഉടൻ ആ ചെറു ബാലൻ അമ്മയുടെ കൈയിലിരുന്ന തുങ്ങപ്പെട്ടരൂപത്തെ തന്റെ ഇളംചുണ്ടുകളോടു ചേത്തു. ഹാ! ഇതു നയപൂർവ്വമായ തത്വോപദേശം എങ്ങിനെ ഫലിക്കാതിരിക്കും? ഈ ബാലനത്രെ പിൻകാലത്തു വിശ്രുത പ്രാസംഗികനായിത്തീർന്ന ഫാദർ ബണ്ണാഡു വോൺ എസ്സ് ജെ. പ്രസിദ്ധ ഗ്രന്ഥകാരനും മെത്രാനുമായ ജോൺ വോൺ അവർകളും, ജെറോം വോൺ, കെനലം വോൺ എന്നീ വൈദികരും മുമ്പറഞ്ഞ ഉത്തമമാതാപിന്റെ സന്താനങ്ങളത്രെ. ലോകപ്രസിദ്ധനായ ഒരു മെത്രാന്റെയും, യോഗ്യന്മാരായ മൂന്നു വൈദികരുടെയും മാതാവാകുന്നതിന്നു ഈ സ്ത്രീരത്നത്തിന്നു ഭാഗ്യം സിദ്ധിച്ചതു അത്ഭുതമല്ലല്ലൊ, അല്ലയോ അമ്മമാരെ, ഈ സ്ത്രീരത്നത്തെ അനുകരിച്ചു നിങ്ങളും നിങ്ങളുടെ മക്കളെ ദൈവസ്നേഹത്തിൽ വളർത്തുക. എന്നാൽ അവർ ഉത്തമന്മാരായിതീരുന്നതാണ്.

സ്പെയിനിൽ ബിൽബാവോ എന്ന സ്ഥലത്തുള്ള ഒരു പ്രധാന പൗരൻ ഈയിടെ ഒരംശോസഭയിലും, അദ്ദേഹത്തിന്റെ ഭാര്യ ഒരു കന്യകാമഠത്തിലും ചേർന്നു. ഇവർക്കു സന്താനങ്ങൾ ഒന്നുമില്ല.

* * *

ബവേരിയാരാജ്യത്തിലെ മാക്സ് എമ്മാനുവേൽ രാജകുമാരൻ ബെനഡിക്ടൻ സന്ന്യാസസഭയിൽ ഒരംഗമായിചേർന്നു. ആയവസരം പ്രമാണിച്ചു, പ്രസ്തുത സഭവകയായി ഏർപ്പെടുത്തിയിരുന്നതും പിന്നീടു അവർക്കു നഷ്ടപ്പെട്ടുപോയതുമായ ഒരു വലിയ പുരാതനാശ്രമത്തെ ആ രാജകുമാരന്റെ പിതാവു സഭക്കാർക്കു സമ്മാനം ചെയ്തു.

* * *

ഇന്ത്യയിലും സിലോണിലും അതിരൂപതകളും, രൂപതകളും, വികാരിയാത്തുകളും, പ്രീഫെക്ചറാത്തുകളുമായി ആകെ ൧൨ എണ്ണമുണ്ട്. അതിലെല്ലാംകൂടിയുള്ള കത്തോലിക്കർ ൧,൨൯,൦൦൦ ആണ്. അഞ്ചു കൊല്ലംമുമ്പു കത്തോലിക്കരുടെ സംഖ്യ ൧,൯൦,൦൦൦ ആയിരുന്നു. അഞ്ചുകൊല്ലംകൊണ്ടു രണ്ടേമുക്കാൽ ലക്ഷത്തോളം കത്തോലിക്കർ വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു ആശ്വാസകരംതന്നെ. കൊല്ലംതോറും ൪൯,൦൦൦ കത്തോലിക്കർവീതം വർദ്ധിക്കുന്നുണ്ട്.

അവർക്കു കാരോരുത്തർക്കും അവിടുന്നു തൊഴിലാവശ്യം കൊടുത്തു.

പ്രസാധകക്കുറിപ്പുകൾ

പുത്തനാണ്ട്.

ഒരു ഭക്തിയുള്ള കത്തോലിക്കകുടുംബം. തിരുസഭയിൽ ഘോഷിക്കാറുള്ള വിശേഷതിരുനാളുകളിൽ മക്കളെല്ലാവരും കൂടി അപ്പനും അമ്മയ്ക്കും മംഗളമാശംസിക്കുകയും അവരുടെ അനുഗ്രഹങ്ങൾ വാങ്ങുകയും ചെയ്യുന്ന ആ കുടുംബത്തിൽ പതിവാണ്. ജനുവരി ഫാംനു- പ്രഭാതമായി. എല്ലാവരും ഉറക്കമുണർന്ന് ഉഷഃകാല പ്രാർത്ഥനകഴിച്ച്. അതിനുശേഷം ചെറിയാച്ചനും ചിന്നമ്മയും കൂടി തോട്ടത്തിൽചെന്നു കുറെ പൂപ്പങ്ങൾ അറുത്തെടുത്തു ഒരു നല്ല പൂച്ചെണ്ടായി കെട്ടി. ബാക്കിയുള്ള സഹോദരസഹോദരിമാരെയും വിളിച്ചുകൂട്ടി അവരെല്ലാവരും കൂടി അപ്പന്റെ അടുക്കൽ ചെന്നു. അമ്മയെയും അവിടെ കൂട്ടിക്കൊണ്ടുവന്നു. അതിനുശേഷം എല്ലാവരിലും ഇളയ കുട്ടിയായ പൈലോച്ചൻ ആ പൂച്ചെണ്ടു അപ്പനു സമ്മാനിച്ചു. അപ്പനും അമ്മയ്ക്കും പുത്തനാണ്ടിന്റെ മംഗളങ്ങൾ ആശംസിക്കുന്നുവെന്നും, അവരുടെ അനുഗ്രഹങ്ങൾ കിട്ടണമെന്ന അപേക്ഷയുണ്ടെന്നും മറ്റും ചെറിയാച്ചൻ എല്ലാവരുടെയും പേർപറഞ്ഞു. മക്കൾകാണിച്ച ഈ സ്നേഹ ബഹുമാനങ്ങളെക്കുറിച്ചു അപ്പനും അമ്മയ്ക്കും അത്യന്തം സന്തോഷമുണ്ടായി.

അനുഗ്രഹം.

അപ്പൻപറഞ്ഞു. "എന്റെ പ്രയപ്പെട്ട മക്കളെ; നിങ്ങൾ ഈ ചെയ്തതു് ഏറ്റവും ഉചിതമായി. അപ്പനെയും അമ്മയെയും ബഹുമാനിക്കണമെന്നുള്ളതു ദൈവം നൽകിയിട്ടുള്ള പത്തുപ്രമാണങ്ങളിൽ ഒന്നാണല്ലൊ. ആകല്പന അനുസരിക്കുന്നതുകൊണ്ടു് നിങ്ങൾ ദൈവത്തെയാണു ബഹുമാനിക്കുന്നതു്. എന്നുമാത്രമല്ല, അപ്പനമ്മമാർ ദൈവത്തിന്റെ സ്ഥാനം വഹിക്കുന്നവരാണ്. അതിനാൽ അവർക്കു ചെയ്യുന്ന ബഹുമാനം തനിക്കു ചെയ്തതായി ദൈവം സ്വീകരിക്കുന്നതാണ്. നിങ്ങളുടെ മക്കൾ നിങ്ങളെ ഇതിലധികം ബഹുമാനിക്കാൻ ദൈവം ഇടവരുത്തുകയും ചെയ്യും." അപ്പോൾ ചിന്നമ്മ പറഞ്ഞു: "ഓരോതിരുനാളിലും അതിന്റെ അർത്ഥത്തെയും അനുഷ്ഠിക്കേണ്ട സൽകൃത്യങ്ങളെയും കുറിച്ചു അപ്പൻ ഞങ്ങൾക്കു ചില ഉപദേശം തരാറുണ്ടല്ലൊ. ഈ തിരുനാളിനെ സംബന്ധിച്ചും അപ്പൻ ഞങ്ങൾക്കു വേണ്ട ഉപദേശം തരണം." അപ്പൻ "അങ്ങനെതന്നെ. ഇന്നു പുതിയ വത്സരം

തുടങ്ങുകയാണ്. ആരംഭം നന്നായാൽ അവസാനംവരെ നന്നായിരിക്കുമെന്നാണു ചൊല്ല്. ഒന്നാമതായി, ഈ പുതിയ വത്സരത്തിലെ നിങ്ങളുടെ ജീവിതം മുഴുവനും നിങ്ങൾ ഇന്നു ദൈവശോയ്ക്കു പ്രതിഷ്ഠിക്കുക. അവിടത്തേക്കു ഇഷ്ടക്കേടായി യാതൊന്നും വിചാരിക്കയോ സംസാരിക്കയോ പ്രവർത്തിക്കയോ ചെയ്കയില്ലെന്നു നിങ്ങൾ ഉറപ്പുവരുക. എന്നാലല്ല, നിങ്ങളുടെ സകല പ്രവൃത്തികളും ദൈവശോയുടെസ്തുതിക്കായും ഈശോയെ സന്തോഷിപ്പിക്കാനായും ചെയ്യണം."

കഥ.

ചെറിയാച്ചൻ പറഞ്ഞു: "അപ്പാ, കഴിഞ്ഞകൊല്ലം ഈ ദിവസത്തിൽ നമ്മുടെ ബ. വികാരി അച്ചൻ പറഞ്ഞ പ്രസംഗത്തിലെ ചില ഭാഗങ്ങൾ ഞാൻ ഓർക്കുന്നുണ്ട്". അപ്പൻ: "കൊള്ളാം, എന്നാൽ നീ അതു പറയൂ. ഇവരെല്ലാം അതു കേൾക്കട്ടെ." ചെറിയാച്ചൻ. "ഇസ്രായേൽ ജനങ്ങളെ ഫറവോന്റെ അടിമത്വത്തിൽ നിന്നു രക്ഷിക്കാൻ ദൈവം ചെയ്ത അത്ഭുതങ്ങളിൽ ഒന്നു, ഒരു മാലാഖ ചെന്നു ഈജിപ്ത്കാരുടെ ആൺ കുട്ടികളേ എല്ലാം കൊല്ലുക എന്നതായിരുന്നു. ആയവസരത്തിൽ ഇസ്രായേൽകാർ കുഞ്ഞാടിനെ കൊന്നു അതിന്റെ രക്തം അവരുടെ ഗൃഹങ്ങളുടെ കതകിൽ പൂശിയിരുന്നു. മാലാഖ ആ രക്തം കണ്ടു, അതു ഇസ്രായേൽക്കാരുടെ ഗൃഹമാണെന്നു മനസ്സിലാക്കി, അവിടെ യാതൊരു ഉപദ്രവവും ചെയ്യാതെ കടന്നുപോയി. ഈ തിരുനാളിനു വിഷയമായ ആദ്യത്തെ ദിവസത്തിലാണ് ദിവ്യകുഞ്ഞാടായ ഈശോ ക്രൂരനകമ്മത്താൽ ആദ്യമായി രക്തം ചിന്തിയതു്. ആ തിരുരക്തം നമ്മുടെയും രക്ഷയായിരിക്കണം. പിശാചു നമ്മുടെ അടുത്തു വരുമ്പോൾ നമ്മുടെ ഹൃദയത്തിന്റെ വാതൽ ആ രക്തം കൊണ്ടു പൂശപ്പെട്ടതായി അവൻ കാണണം. എന്നാൽ അവൻ നമ്മെ ആക്രമിക്കാൻ ധൈര്യപ്പെടുകയില്ല. അതിനാൽ ഇന്നു നമ്മൾ അത്യന്തം ഭക്തിയോടുകൂടി ദൈവശോയെ കുമ്പാന വഴി കൈക്കൊള്ളുകയും തന്റെ തിരുമ്മേനിയാൽ നമ്മുടെ ഇക്കൊല്ലത്തെ ജീവിതം മുഴുവൻ പരിശുദ്ധമാക്കാൻ അപേക്ഷിക്കയും വേണം". അപ്പൻ: "അതു എത്ര സാരമായ ഉപദേശം. അതുപോലെ നിങ്ങൾ എല്ലാവരും ചെയ്യണം. എന്നാലിനി താമസിക്കണ്ട. ഉടൻ ഒരുങ്ങി പള്ളിയിൽ പോകാം." അപ്പൻ പറഞ്ഞപ്രകാരം എല്ലാവരും ഉടനെ പള്ളിയിൽ പോയി. വിശുദ്ധ കുമ്പാന കൈക്കൊണ്ടു മുൻ പറഞ്ഞവിധം എല്ലാവരും പ്രാർത്ഥിക്കയും തങ്ങളെപ്രതിഷ്ഠിക്കയുംചെയ്തു.

മറ്റു ശ്ലീഹന്മാർക്കില്ലാത്ത വിശേഷ അധികാരം പത്രോസിനു നൽകി.

ഒരു സ്ത്രീ ദൈവദൂഷണം പറഞ്ഞതു്.

(സഹോദരി കൊച്ചുത്രേസ്യാ.)

താഴെ ചേർത്തിരിക്കുന്ന സംഭവം ദൃക്സാക്ഷിയായ ഒരു വൈദികൻ ഒരു ഇംഗ്ലീഷ് മാസികയിൽ എഴുതിയിട്ടുള്ളതാണു്. അതു അദ്ദേഹത്തിന്റെ വാക്കുകളിൽതന്നെ 'ചന്ദ്രിക' വായനക്കാരെ അറിയിച്ചുകൊള്ളുന്നു:—

കഴിഞ്ഞ ലോക മഹായുദ്ധത്തിൽ ഓസ്ട്രേലിയാക്കാരനായ ഒരു കത്തോലിക്കൻ രാജഭക്തിയാലും സ്വരാജ്യസ്നേഹത്താലും പ്രേരിതനായി യുദ്ധത്തിൽ ചേർന്നു. സമർത്ഥനായ ഒരു യോദ്ധാവായിരുന്നതിനാൽ മുന്നണിയിൽനിന്നു യുദ്ധം ചെയ്യുന്നവരുടെ കൂട്ടത്തിലാണു് ഇയ്യാളെ ചേർത്തതു്. പ്രിയ പത്നിയേയും അരുമസന്താനങ്ങളായ നാലു കുട്ടികളേയും തനിയെ വിട്ടാവച്ചു അയാൾ ദൂരദിക്കിലേക്കു പുറപ്പെട്ടു. അവരവരുടെ കടമകളെ ഉത്സാഹത്തോടും കൃത്യനിഷ്ഠയോടും കൂടെ നിർവ്വഹിച്ചു പോരുന്നവരും നല്ല ദൈവഭക്തിയുള്ളവരുമായ ആളുകളെപ്പോലെയാണു് അയാളുടെ കുടുംബാംഗങ്ങൾ വർത്തിച്ചു പോന്നതു്. തന്നിമിത്തം ആ കുടുംബത്തെ ഒരു മാതൃകാ കത്തോലിക്കാ ഭവനമായി ഞാൻ ഗണിച്ചുവന്നു. ആ യോദ്ധാവു വീട്ടിൽ നിന്നു പോയ ദിവസം തുടങ്ങി അയാളുടെ ഭാര്യ കുട്ടികളേയുംകൊണ്ടു എല്ലാദിവസവും പള്ളിയിൽവന്നു കുമ്പസാരം കണ്ടിരുന്നു. വൈകുന്നേരമായാലുടനെ കുട്ടികളെ വിളിച്ചു വീട്ടിലുള്ള കുരിശുരൂപത്തിന്റെ മുമ്പിൽ മുട്ടുകുത്തിനിന്നു കൊന്തനമസ്ക്കാരം ഭക്തിയോടെ കഴിക്കുകയും "അപ്പൻ യാതൊരാപത്തും കൂടാതെ വേഗത്തിൽ മടങ്ങിവരുവാൻ ഇടവരുത്തണമേ"യെന്നു പ്രാർത്ഥിക്കുകയും ചെയ്യും. കൊല്ലം രണ്ടു കഴിഞ്ഞു. അവരുടെ പ്രാർത്ഥനകളൊരിക്കലും ഭംഗം വിചാരിച്ചതുമില്ല. ഇങ്ങനെ ഇരിക്കെ വിദൂരമായ യുദ്ധക്കളത്തിൽ നിന്നു ആപൽസൂചകമായ ഒരെഴുത്തു് എനിക്കു കിട്ടി. പൊട്ടിച്ചു നോക്കിയപ്പോൾ ഞാൻ വല്ലാതെ പരിഭ്രമിച്ചുപോയി. നമ്മുടെ യോദ്ധാവു യുദ്ധത്തിൽവെച്ചു പരലോകം പ്രാപിച്ചു എന്നുള്ള വിവരം അയാളുടെ ഭാര്യയെ അറിയിക്കേണ്ടതിലേക്കു അയച്ചിരുന്ന ഒരു സന്ദേശമായിരുന്നു അതു്. അന്നു കാലത്തും അവധി കുട്ടികളൊന്നിച്ചു പള്ളിയിൽ വരുന്നതു ഞാൻകണ്ടും. ഭർത്താവിന്നു നേരിടുവാൻ പോകുന്ന ആപത്തിനെപ്പറ്റി സംശയിക്കുക

പത്രോസ് എന്ന പാറയിന്മേൽ ഒരംശം തന്റെ സഭയെ സ്ഥാപിച്ചു.

പോലും ചെയ്യാത്ത ആ സ്ത്രീയോട് ഈ ഭഖവത്തമാനം എങ്ങനെ പറയുമെന്നോർത്തു ഞാൻ കുറെ നേരം കുഴങ്ങി. അവൾ അത്യന്തം സ്നേഹിച്ചിരുന്ന ഭർത്താവിന്റെ വേർപാടിൽ അവൾക്കുണ്ടാകുന്ന ദുഃഖം ഞാൻ എങ്ങനെ കണ്ടുനിൽക്കും! ഏതാദൃശാവസ്ഥകളിൽ ചില സ്ത്രീകൾ ദുഃഖാധിക്യത്താൽ മോഹാലസ്യപ്പെടുകയും സുബോധമില്ലാത്തവരേപ്പോലെ ഓരോന്നു പറഞ്ഞു അറിയാതെ പ്രലപിക്കുകയും ചെയ്യുന്നതു കണ്ടിട്ടുണ്ടു്. ഇവളും ഇങ്ങനെ വല്ലതും ചെയ്യുമായിരിക്കും. എന്തായാലും കായ്യം അറിക്കാതെ നിവൃത്തിയില്ലല്ലോ, എന്നോർത്തു ഞാൻ ഉടനെ അവളുടെ വീട്ടിൽചെന്നു സംഗതി അറിയിച്ചു. തൽക്കാലം അവളിൽ ഒരു മാറ്റവും കണ്ടില്ല. ഒന്നരണ്ടു നിമിഷത്തേക്കു സ്തംഭിച്ചുപോലെ അവിടെ ഇരുന്നു. പെട്ടെന്നു ചാടി എഴുന്നേറ്റു. അവർ പതിവായി നമസ്കരിച്ചിരുന്ന കുരിശു രൂപത്തിന്റെ അടുക്കലേക്കു ഓടിച്ചെന്നു. പിന്നിട്ടുണ്ടായ കാര്യം എന്റെ ബോധത്തിൽനിന്നു മറഞ്ഞിട്ടില്ല. മുമ്പിന്നേൽ തൂക്കിയിരുന്ന രൂപം വലിച്ചൂരി, കോപത്തോടുകൂടെ അവൾ നിലത്തു വലിച്ചെറിഞ്ഞു. അതു പൊട്ടിത്തകർന്നുപോയി. അതുകൊണ്ടും അവൾ അടങ്ങിയില്ല. അവിടെ ചിതറിക്കിടന്നിരുന്ന സചിത്രപുസ്തകങ്ങളെ നിന്ദ്യമായി ചവുട്ടി തുള്ളുകയും ദുഷ്ടനായ ദൈവമേ! കഠിനഹൃദയനായ ദൈവമേ! രാവും പകലും എന്റെ കുട്ടികളേയും കൊണ്ടു നിന്റെ അടുക്കൽ വന്നു അവരുടെ അപ്പന്റെ ക്ഷേമത്തിനായി ഇത്രയൊക്കെ പ്രാർത്ഥിച്ചിട്ടു ഞങ്ങളോടിങ്ങനെയല്ലെ ചെയ്തതു്. ഇനി ഒരിക്കലും നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുകയില്ല. ഈ കുട്ടികളുടെ അപ്പനെ നീ മരിപ്പിച്ചല്ലൊ. അവരുടെ ആത്മാവിനെ ഞങ്ങളും നശിപ്പിച്ചേക്കാം" എന്നിങ്ങനെ ഭയങ്കരമായ ദൈവദൂഷണങ്ങൾ നിരർഗ്ഗളമായി അവളുടെ വായിൽനിന്നു ചൊരിയുന്നതു കേട്ടുനിൽക്കുവാൻ എനിക്കു ധൈര്യമില്ലാതെയായി. ഇത്തരം ഹൃദയഭേദകമായ കാര്യം ഇതിനുമുമ്പു ഞാൻ ഒടിക്കലും കണ്ടിട്ടില്ല. ഭയങ്കരമായ ദൈവദൂഷണങ്ങൾ ധാരധാരയായി ചൊരിഞ്ഞിരുന്നതല്ലാതെ അവളുടെ കണ്ണിൽനിന്നു ഒരുതുള്ളി കണ്ണുനീരു വീണിരുന്നുമില്ല. സദുപദേശങ്ങൾകൊണ്ടു അവളെ സമാശ്വസിപ്പിക്കുവാൻ ശ്രമിക്കുന്നതു നിഷ്പ്രയോജനമാണെന്നുകണ്ടു ഞാൻ തൽക്ഷണം പള്ളിയിലേക്കു മടങ്ങി.

സംഗതികളെല്ലാം ശുഭമായി നടക്കുന്ന കാലത്തോളം ചിലർ നല്ല ഭക്തരും സദാചാരനിരതരുമാണ്. എന്നാൽ കാലഗതി ഒന്നു

അതിന്റെ അർത്ഥം പത്രോസ് സഭയുടെ തലവനാണെന്നത്രെ.

മറിഞ്ഞു വല്ല അനർത്ഥവും നേരിടട്ടെ. അവരുടെ ഭക്തിയും പുണ്യവും ഒക്കെ കലാശിച്ച ദൈവത്തെ ദുഷിക്കുന്നതിനുകൂടി തുനിയുന്നു. ഇപ്പോൾ കണ്ട സ്ത്രീ തന്നെ ഇതിനൊരുദാഹരണമാണല്ലൊ. കഷ്ടം! സ്വാർത്ഥത്തിനുവേണ്ടി മാത്രം ദൈവത്തെ സ്നേഹിക്കുകയും വണങ്ങുകയും ചെയ്യുമ്പോഴുണ്ട ഇത്തരമാളുകൾ ലോകത്തിലുണ്ടല്ലൊ എന്നിങ്ങനെ ഓരോന്നു വിചാരിച്ചും ആ സാധുസ്ത്രീക്കുവേണ്ടി എരിവോടുകൂടെ പ്രാർത്ഥിച്ചും ഞാൻ കുറച്ചു ദിവസങ്ങൾ കഴിച്ചുകൂട്ടി. അവളാകട്ടെ, പിന്നീടു പള്ളിയിൽ പ്രവേശിക്കുകപോലും ചെയ്തിരുന്നില്ല.

ഇങ്ങനെയിരിക്കെ, യുദ്ധക്കളത്തിൽനിന്നു എനിക്കു പിന്നെയും ഒരെഴുത്തു കിട്ടി. പരിഭ്രമത്തോടുകൂടിത്തന്നെ ഞാൻ അതും പൊട്ടിച്ചു വായിച്ചു. പക്ഷെ വിചാരിച്ചതുപോലെയായിരുന്നില്ല കാര്യഗതി. മരിച്ചുപോയെന്നു കേട്ട ആ യോദ്ധാവു, മുറിവേറ്റു ആസന്നമരണനായതല്ലാതെ മരിച്ചിട്ടില്ലായെന്നുള്ള സന്തോഷവർത്തമാനമാണ് ഇപ്പോൾ വായിച്ചറിഞ്ഞതു്. ഉടനെതന്നെ ആ എഴുത്തുംകൊണ്ടു് ഞാൻ ആയാളുടെ ഭാര്യയുടെ അടുക്കൽചെന്നു വിവരം അറിയിച്ചു. അവളുടെ കോപമൊന്നു ശമിച്ചു. ക്രമേണ ശാന്തയും സന്തുഷ്ടയും ആയിത്തീർന്നു. അതിൽപിന്നെ വന്നിരുന്ന എഴുത്തുകൾ വഴിയായി അവളുടെ ഭർത്താവു വേഗത്തിൽ പൂർണ്ണാരോഗ്യംപ്രാപിച്ചു മടങ്ങിവരുമെന്നറിഞ്ഞതിനാൽ അവൾ അത്യധികം സന്തോഷിക്കുകയും ചെയ്തു. മാത്രമല്ല, മുമ്പു് അതി ഭയങ്കരമായ ദൈവ ദൂഷണങ്ങൾ പറഞ്ഞു ദൈവദ്രോഹിയായിത്തീർന്നതിനെപ്പറ്റി അനുതപിക്കാനും തുടങ്ങി. എങ്കിലും അവൾ ചെയ്ത കഠോരകുറ്റത്തിനു തക്ക പരിഹാരം എവിടെയെങ്കിലും ചെയ്യുതീർക്കാതെ നിവൃത്തിയില്ല. മരണത്തിനുമുമ്പായി അവൾക്കു നേരിട്ട അനിഷ്ടതകളുടെ കാരണം അവളെ ഏറ്റവും നല്ല ഒരനുതാപിയാക്കിത്തീർത്തു എന്നും പറയേണ്ടതില്ല.

ഇതിനിടയിൽ മുറിവേറ്റ യോദ്ധാക്കളുടെ കൂട്ടത്തിൽ നമ്മുടെ യോദ്ധാവിനെയും ഇംഗ്ലണ്ടിലുള്ള ഒരു പ്രസിദ്ധസ്ത്രീയിലേക്കു കൊണ്ടുപോയി. അവിടെവച്ചു് ആയാൾ ആരോഗ്യം പ്രാപിച്ചതോടുകൂടെ ചില ദുർബുദ്ധികൾക്കു വശംവദനായിത്തീർന്നു, തന്റെ പ്രഥമ ഭാര്യയേയും കുട്ടികളേയും ഉപേക്ഷിച്ചു വേറൊരു സ്ത്രീയെ വിവാഹം ചെയ്തു. ഈ കഥയൊന്നുമറിയാതെ നിമിഷംപ്രതി തന്റെ ഭർത്താവിന്റെ വരവു പ്രതീക്ഷിച്ചുകൊണ്ടിരുന്ന അനുതാപിയായ സ്ത്രീക്കു, അവളുടെ ഭർത്താവു അവളെ ഉപേക്ഷിച്ചു മറ്റൊരു സ്ത്രീയുമായി സ്വഗൃഹത്തിലേയ്ക്കു പിന്തിരിഞ്ഞു

൧൩൬൦ പത്രോസിനെ സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഏല്പിച്ചു.

ചെന്നതുകണ്ടപ്പോളുണ്ടായ മനോവികാരം എന്തായിരിക്കാം! ഗൃഹത്തിൽ പ്രവേശിച്ചു്, ആയാൾ ഭാര്യയേയും മക്കളേയും സന്തോഷിപ്പിച്ചില്ലെന്നു മാത്രമല്ല, അവരെ അവിടെനിന്നു ഓടിച്ചുകളഞ്ഞിട്ടു്, പുതിയ ഭാര്യയോടുകൂടി അവിടെ താമസിക്കുവാനും തീർച്ചപ്പെടുത്തി. എങ്കിലും നിസ്സഹായരായിത്തീർന്ന ആ ഭാര്യയും മക്കളും ആ ഗൃഹത്തിന്റെ താഴത്തെ നിലയിലുള്ള ഒരു ഹീനപ്പെട്ട മുറിയിൽ ഭിക്ഷുക്കളെപ്പോലെ കഴിച്ചുകൂട്ടുന്നതിനു അവൻ എങ്ങനെയോ സമ്മതിച്ചു. സ്വന്തഭർത്താവു ഇതരഭാര്യയുമായി സല്ലപിക്കുന്നതുകണ്ടു് സഹിക്കുന്ന ഭാര്യയും, സ്വപിതാവുപേക്ഷിച്ചതിനാൽ അനാഥരായിതീർന്ന കുട്ടികളും ആ ഗൃഹത്തിൽ എങ്ങനെ കഴിച്ചുകൂട്ടിയെന്നു വായനക്കാർ ഊഹിക്കുന്നതായിരിക്കും അധികം നല്ലതു്.

ഞായറാഴ്ച കർത്താവിന്റെ ദിവസമായിരിക്കുന്നപോലെ ശനിയാഴ്ച മാതാവിന്റെ ദിവസമാണു്. ശനിയാഴ്ച ദിവസത്തെ ദേവമാതാവിന്റെ സ്തുതിക്കായി പ്രതിഷ്ഠിക്കുന്ന പതിവു ഫ്രാം ന്യൂറാണ്ടിനുമുമ്പു ആരംഭിച്ചു. 'ഒരു നേരം' ആചരിക്കുക എന്നതായിരുന്നു ആ ദിവസത്തിലെ പ്രധാന സൽകൃത്യം. ഫ്രഡറിക്ക്-ൽ പ്രാൻസിൽ 'ക്രെസ്സി' എന്ന സ്ഥലത്തു വച്ചു നടന്ന പ്രസിദ്ധമായ യുദ്ധത്തിൽ ഏർപ്പെട്ട പട്ടാളക്കാർ ഈ ആചാരം അനുഷ്ഠിച്ചിരുന്നു. അന്നു ശനിയാഴ്ചയായിരുന്നതിനാൽ അവർ ദേവമാതാവിന്റെ സ്തുതിക്കായി ഒരു നേരം ആചരിച്ചുകൊണ്ടാണു് യുദ്ധം ചെയ്യാൻ പോയതു.

ദുഃഖാധിക്യത്താൽ ഹൃദയം തകർന്നിരുന്ന ആ സ്ത്രീ ദിവസവും ഭർത്താവിനുവേണ്ടി പ്രാർത്ഥിച്ചിരുന്നു. ഒരു ദിവസം മക്കളുമായി ദേവാലയത്തിൽ പോയി, അപ്പന്റെ മനസ്സുതിരിവിനുവേണ്ടി ദിവ്യപൂജ കാണുകയും പരിശുദ്ധ കുർബ്ബാന കൈക്കൊള്ളുകയും ചെയ്തു. വിവാഹാനന്തരം സന്തോഷപൂർവ്വം കഴിച്ചുകൂട്ടിയ അനേകദിവസങ്ങളുടെ ഓർമ്മ അവളെ അന്നു പൂർവ്വാധികം വേദനപ്പെടുത്തി. എന്തായാലും ഭർത്താവിന്റെ അടുക്കൽ ഒന്നു ചെന്നുനോക്കുകതന്നെ എന്നവൾ തീരുമാനിച്ചു. നെഞ്ചിടിപ്പോടുകൂടി ശോവണി കയറി, ഭർത്താവിന്റെ മുറിയുടെ വാതുക്കൽ ചെന്നു മുട്ടി. ആയാൾ വാതിൽ തുറന്നുവുടനെ അവൾ അവന്റെ പാദത്തിങ്കൽ സാഷ്ടാംഗംവീഴുകയും അവരുടെ പൂർവ്വജീവിതത്തേയും അവന്റെ കുട്ടികളേയും ഓർത്തു, അവരുടെ അടുക്കൽ ചെന്നു താമസിക്കണമെന്നു കേണപേക്ഷി

ക്കുകയും ചെയ്തു. അവനാകട്ടെ വ്യാഘ്രത്തെപ്പോലെ ഗർജ്ജിച്ചുകൊണ്ട് അവളെ കഴുത്തിനു പിടിച്ചു തള്ളി ഗോവണിയുടെ അടിയിലേക്കു മറിച്ചിട്ടു. പന്തുപോലെ ഉരുണ്ടു താഴത്തു എത്തിയപ്പോഴേക്കും നട്ടെല്ലും ചില വാരിയെല്ലുകളും തകർന്നുപോയി. തനിയെ എഴുന്നേൽക്കുന്നതിനു കൂടി നിവൃത്തിയില്ലാതെയായിത്തീർന്ന ആ സാധുവിനെ, മക്കൾ ഒരു വിധം താങ്ങിപ്പിടിച്ചു മുറിയിൽകൊണ്ടുപോയി കിടത്തി. ഈ നിലയിൽ തന്നെ രണ്ടരക്കേല്ലത്തിലധികം കിടന്നു കഷ്ടപ്പെട്ടതിനു കയ്യും കണക്കുമുണ്ടോ? ചികിത്സിക്കുന്നതിനോ പരിചരിക്കുന്നതിനോ ആരുമില്ല. പോകട്ടെ, ഈ ശാരീരികവേദനയേക്കാൾ എത്ര അസഹനീയമായിരുന്നു അവളുടെ മനോദുഃഖം! പക്ഷെ ഈ കഷ്ടാനുഭവങ്ങൾ അവളെ ഒരു നല്ല പാഠം പഠിപ്പിച്ചിരിക്കണം. എന്തുകൊണ്ടെന്നാൽ അവൾ ആ വേദനകളെല്ലാം തന്റെ ദൈവദൂഷണത്തിന്റെ ശിക്ഷയാണെന്നു ബോധിച്ചു ക്ഷമാപൂർവ്വം സഹിക്കുകയും, ചെയ്തുപോയ ദൈവദ്രോഹത്തെപ്പറ്റി തീവ്രമായി അനുതപിക്കുകയും ചെയ്വാൻ തുടങ്ങി. ക്രൂരനായ ഭർത്താവിനു വേണ്ടി വിശ്വസ്തതയോടുകൂടെ പ്രാർത്ഥിച്ചുവന്നു. അവളുടെ മരണം സമീപിച്ചു. ഭർത്താവിനെ ഒരു കണ്ണെങ്കിലും കണ്ടിട്ടു മരിക്കുവാൻ അതീവയായി ആഗ്രഹിച്ചു. അതു അധികമായി അവൾ അയാളെ സ്നേഹിച്ചിരുന്നു. എങ്കിലും ആ ദുഷ്ടൻ അതിനു സമ്മതിച്ചില്ല. അവസാനം, അവൾ കുട്ടികളെ അടുക്കൽ വിളിച്ചു വേണ്ട ഉപദേശങ്ങൾ കൊടുത്തശേഷം "പ്രിയ മക്കളെ, നിങ്ങളുടെ അപ്പൻ നമ്മോടു ഇതു നിർദ്ദയമായി പ്രവൃത്തിക്കുന്നുവെങ്കിലും അദ്ദേഹത്തിനു വേണ്ടി അപേക്ഷിക്കുവാൻ നിങ്ങൾ മറക്കരുതു്. മാത്രമല്ല, ഒരു കാലത്തു അദ്ദേഹം മനസ്സുതിരിഞ്ഞു നിങ്ങളുടെ അടുക്കൽ വന്നാൽ അദ്ദേഹത്തെ ബഹുമാനപുരസ്സരം കൈക്കൊള്ളുകയും പരിചരിക്കുകയും വേണം" എന്ന അന്ത്യശാസനമായി പറഞ്ഞുകൊണ്ടു ഒരുത്തമ അനുതാപിയുടെ നിലയിൽ ഭാഗ്യവതിയായി ഇഹലോകം വെടിഞ്ഞു.

മൃതശരീരം പെട്ടിയിൽ ആക്കി, ഒരു മണിക്കൂർ കഴിയുന്നതിനു മുമ്പായി ആരോ ഒരാൾ ധൃതിയായി വാതുക്കൽ മുട്ടുന്നതുകേട്ടു. മരിച്ചുകിടന്നിരുന്ന സ്ത്രീയുടെ മൂത്ത മകൾ ഓടിച്ചെന്നു വാതിൽ തുറന്നപ്പോൾ കണ്ടതു് അവളുടെ അപ്പനെയാണു്. സന്തോഷവും സന്താപവും ഒരുപോലെ അവളെ ഇളകിവശാക്കി. അപ്പന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു് പൊട്ടിക്കരയുവാൻ തുടങ്ങി. അപ്പൻ മകളെ പിടിവിടുവിച്ചു ഭാര്യയുടെ

മൃതശരീരത്തിൻമീതെ കവിഴ്ന്നുവീണു മുഖത്തു ചുംബിക്കുകയും അവിടെ കൂടിയിരുന്നവരേവരുടേയും ഹൃദയം തകരത്തക്കവിധത്തിൽ കരയുകയും ചെയ്തു. ആ ശവമഞ്ചത്തിന്റെ സമീപത്തുവെച്ചാണ് അയാൾ തന്റെ ദുഷ്പ്രവൃത്തികളുടെ കാഠിന്യം ഗ്രഹിച്ചതു്. "യുദ്ധക്കളത്തിൽവെച്ചു മരണയോഗമായി മുറിവേറ്റപ്പോൾതന്നെ മരിച്ചിരുന്നു എങ്കിൽ ഇത്ര ഉഗ്രമായ വാകുലവാൾകൊണ്ടു എന്റെ പ്രിയതമയുടെ ഹൃദയം ഭേദിക്കുന്നതിനും ദൈവതിരുമുമ്പാകെ ഇത്ര വലിയ ഒരു പാതകിയായിതീരുന്നതിനും ഇടവരികയില്ലായിരുന്നല്ലൊ" എന്നോർത്തു വിലാപിക്കുകയും പഴയ ജീവിതം മാറ്റി സുകൃതവഴിയിൽ നടക്കുവാൻ അവിടെവെച്ചുതന്നെ തീർച്ചയാക്കുകയും ചെയ്തു.

രണ്ടുകൊല്ലം മുമ്പു നല്ല സമാധാനവും സന്തോഷവുമായി സസുഖം കാലം കഴിച്ചുപോന്ന ഈ കുടുംബത്തിൽ ഇങ്ങനെ ഒരു മാറ്റം സംഭവിച്ചതു സാധാരണ ലോകഗതിയായി സാമാന്യം ജനങ്ങൾ കരുതിയേക്കാം. എന്നാൽ ഇതിനെല്ലാം ദൃക്സാക്ഷിയായിത്തീരാനിടയായ എനിക്കു ഈ സംഭവങ്ങളെല്ലാം കായ്കാരണങ്ങളായിട്ടാണു തോന്നിയതു്. തന്റെ കഴിഞ്ഞ ദുർമ്മാർഗ്ഗജീവിതത്തെപ്പറ്റി ഹൃദയപൂർവ്വം തേറുകയും ഭാവിയിൽ എറ്റവും ഉൽകൃഷ്ടമായ ഒരു ജീവിതം നയിക്കുന്നതിനു ഉത്സാഹിച്ചു വരുകയും ചെയ്തിരുന്ന ആ യോദ്ധാവിനെ ദിനംപ്രതി ദേവാലയത്തിൽ കണ്ടിരുന്നതു എനിക്ക് ഒരു ധ്യാനവിഷയമായിത്തീർന്നു. ഒരു ദിവസം ആയാളുമായി പൂർവ്വസംഭവങ്ങളെപ്പറ്റി സംസാരിക്കുന്നമദ്ധ്യേ അയാൾ എന്നോടിപ്രകാരം പറകയുണ്ടായി. "എന്റെ അച്ചാ, കഴിഞ്ഞകാലത്തിലെ സംഭവങ്ങളെപ്പറ്റി സ്മരിക്കുന്നതു തന്നെ എനിക്കു മർമ്മഭേദകമാണ്. എങ്കിലും എനിക്കും എന്റെ ഭാര്യക്കും സംഭവിച്ചതുപോലെ ഇനി ആർക്കും ഇടവരരുതെന്നാണു എന്റെ പ്രാർത്ഥന. അതിനാൽ ബ. അച്ചൻ ദയവുണ്ടായി ഞങ്ങളുടെ ചരിത്രം വല്ല മാസികയിലും പ്രസിദ്ധം ചെയ്താൽ അതു നല്ലൊരു പരോപകാരപ്രദമായ പ്രവൃത്തിയായിരിക്കും."

സർവ്വജാതീയദിവ്യകാരുണ്യസംഘകമ്മറ്റിയുടെ അദ്ധ്യക്ഷസ്ഥാനം ഇക്കഴിഞ്ഞ വർഷം കൊല്ലം വഹിച്ച നാമൂർ രൂപതയുടെ മെത്രാൻ ഹെയിലെൻ തിരുമനസ്സിലേയ്ക്കു അതിവിശേഷമായ ഒരു കാസ സമ്മാനിക്കപ്പെടുകയുണ്ടായി.

പത്രോസ് തിരുസഭയുടെ തലവനാണെന്നതു അതിന്റെയും അഭിപ്രാ.

"തിരുരക്തസ്മരണ".

(തിരുക്കാസാ ഉയർത്തുമ്പോൾ.)

(ശ്രീമാൻ പീറ്റർ കളപ്പുരക്കൽ, കടവന്ത്ര.)

(ഗാഥ.)

കാണുകാ! കാണുകാ! പാപീ നീ കാണുകാ!
കാരുണ്യമൂർത്തിതൻ ദിവ്യരക്തം;
എൻ പാപാശുദ്ധങ്ങളൊക്കെക്കഴുകുവാൻ
അമ്പോടൊഴുകുന്ന ദിവ്യരക്തം;
ഭേദനാചാരംവഴിക്കുചെറുപൈതൽ
മോദേന ചിന്തുന്ന പിഞ്ചുരക്തം;
പൂങ്കാവിൽ വച്ചെന്റെ പങ്കാപഹാരിതാൻ
സങ്കടംപൂണ്ടു ചൊരിഞ്ഞരക്തം;
കൽത്തൂണിൽ നിർദ്ദയർ ചേർന്നു ബന്ധിച്ചടി-
ച്ചുതിരുമേനി ചൊരിഞ്ഞരക്തം;
മുള്ളു തിരുത്തലയ്ക്കുള്ളിൽ കടന്നേറെ
തുള്ളികളായ് ചോരും ദിവ്യരക്തം;
കാരിരുമ്പാണി തറച്ച തൃക്കാൽ കരം
പാരിലൊഴിക്കുന്ന ദിവ്യരക്തം;
മായമറുള്ള തൻ മാറു തുറന്നിതാ
മായവൻ ചിന്തുന്ന ദിവ്യരക്തം;
കാണുകാ! കാണുകാ! പാപീ നീ കാണുകാ!
കാരുണ്യമൂർത്തിതൻ ദിവ്യരക്തം;
കണ്ണുതെളിച്ചു ശതാധിപൻ തന്നെയാ-
വിണ്ണിലാനയിച്ച ദിവ്യരക്തം;
ലോകാന്ധന്മാക്കു വെളിച്ചം കൊടുക്കും, സ്വർ-
ലോകവിളക്കായ ദിവ്യരക്തം;
രോഗശോകാദിയാലാകുലരായുള്ളോ-
ർക്കൊരാശ്രയമായ ദിവ്യരക്തം;
ഐകവീടല്ലൊരു നാടല്ലാ, ഭൂലോക-
മാകവെ രക്ഷിച്ച ദിവ്യരക്തം;

---

*ശ്രീഹന്മാരുടെ സംഘത്തിൽ പത്രോസ് എപ്പോഴും മുമ്പനായി പ്രവർത്തിച്ചിരുന്നു.

മാനുഷരോടുള്ള സ്നേഹാതിരേകത്താൽ
സ്വാനന്ദം ചിന്തുന്ന ദിവ്യരക്തം;
കാണുകാ! കാണുകാ! പാപീ നീ കാണുകാ!
കാരുണ്യമുത്തിതൻ ദിവ്യരക്തം;
ആത്മശരീരാമയങ്ങളകലുവാൻ
ആവശ്യമായുള്ള ദിവ്യരക്തം;
ദിനന്തോറുമാനന്ദദായകമാം നല്ല
പാനീയമാകുന്ന ദിവ്യരക്തം;
കുറ്റം ചെയ്യാതെ ശിക്ഷാർഹരായ്തീരുവോ-
ക്കുറ്റാസൽമിത്രമാം ദിവ്യരക്തം;
ചോരപൂരണ്ട ചെറുമക്കൾക്കായ്ച്ചൊണ്ടു
ക്രൂരോടെ ചിന്തുന്ന ദിവ്യരക്തം;
ആ ചിലമാനസക്കാലംബമായുള്ളാ-
യേശുമഹേശന്റെ ദിവ്യരക്തം;
ഇത്തിരുരക്തത്താലീലോകവാസിക-
ളുത്തമരാകുവാൻ ചിത്തമായ
സത്യസ്വരൂപന്റെ പുത്രനാമീശോയെ
നിത്യവും പാപി ഞാൻ കൈതൊഴുന്നേൻ.

പ്രാൻസിൽ കപ്പിമ്പർ എന്ന സ്ഥലത്തു ഒരു മിഷ്യനരി പ്രദർശനം നടത്തിയ അവസരത്തിൽ, ചെറുപ്പക്കാരനായ ഒരു പ്രഞ്ച മിഷ്യനരിയെ എസ്കിമൊ എന്ന കാട്ടാളജാതിക്കാർ കൊലപ്പെടുത്തിയതിന്റെ ഒരു ചിത്രം കാണിക്കയും ആ സംഭവം വിവരിച്ചു ഒരു പ്രസംഗം നടത്തുകയും ഉണ്ടായി. കേൾവിക്കാരിൽ രണ്ടുപേർ അസാധാരണ ദുഃഖം പ്രദർശിപ്പിക്കുന്നതുകണ്ടു അവർ ആരാണെന്നു പ്രാസംഗികൻ അന്വേഷിച്ചതിൽ കൊല്ലപ്പെട്ട ആ വേദസാക്ഷിയുടെ പിതാവും സഹോദരിയുമാണെന്നു മനസ്സിലായി. എസ്കിമൊ ജാതിക്കാരുടെയിടയിൽ അഞ്ചുകൊല്ലത്തോളം സുവിശേഷവേല നടത്തിയിട്ട് അവരിലാരും കത്തോലിക്കമത സ്വീകരിച്ചില്ലെന്നും, എന്നാൽ മേൽപ്പറഞ്ഞ വേദസാക്ഷിയുടെ മരണശേഷം അവരിൽ അനേകംപേർ മനസ്സുതിരിയുന്നുണ്ടെന്നും പ്രാസംഗികൻ പ്രസ്താവിച്ചു. "വേദസാക്ഷികളുടെ രക്തം ക്രിസ്തുമതത്തിന്റെ വിത്താണ്."

ഓരംശോ ജീവിച്ചിരുന്നപ്പോഴും അതിൽപിന്നെയും അങ്ങിനെതന്നെ.

ഒരു സൂത്രം.

(പി. കുഞ്ഞാട്ട്.)

തേൻപുഴപള്ളിയുടെ ഇടവകാതൃത്തിയിൽ ആയിരത്തിലധികം കുടുംബങ്ങൾ ഉണ്ടെങ്കിലും ഉദ്ദേശം നൂറു വീട്ടുകാർ മാത്രമെ കത്തോലിക്കരായുള്ളൂ. ഭൂരിപക്ഷവും പ്രൊട്ടസ്റ്റാൻറുകാരാണു്. പ്രസ്തുത പള്ളിവികാരി റവ. ഫാദർ ജോൺ മാനസാന്തര വേലയിൽ അതിതീക്ഷ്ണതയുള്ള ഒരാളാകയാൽ ഏതദ്വിഷയത്തിൽ അദ്ദേഹം പലശ്രമങ്ങളും ചെയ്യുന്നുണ്ടു്. ആ കൂട്ടത്തിൽ ഏറ്റവും ശ്ലാഘനീയമായതു് അകത്തോലിക്കരുടെ ഇടയിൽ യഥാർത്ഥ മതപരമായ ചെറു ഗ്രന്ഥങ്ങളും മാസികകളും പത്രങ്ങളും വിതരണം ചെയ്യുന്നു എന്നതാണു്. ഇടവകക്കാരുടെ സഹായസഹകരണങ്ങൾ തുച്ഛമാണെങ്കിലും മഹാമനസ്സനും പുണ്യസമ്പന്നനുമായ വികാരി അച്ചൻ അശേഷം ഭഗ്നാശയനായി കാണപ്പെടുന്നില്ല. "ഞാൻ നട്ടു, അപ്പൊള്ളോ നനച്ചു, ഫലം തരുന്നതു് ദൈവമാകുന്നു" എന്നു വി. പൌലോസിന്റെ വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടു് ആ പുണ്യാത്മാവു് അശ്രാന്ത പരിശ്രമം ചെയ്യുവരുന്നു. ഞായറാഴ്ച തോറും പള്ളിയിലെ കർമ്മാദികൾ കഴിഞ്ഞശേഷം ഒരു കെട്ടു് പുസ്തകങ്ങളുമായി പള്ളിയുടെ മുൻവശത്തുവന്നു് അദ്ദേഹം തന്റെ ആത്മീയമക്കൾക്കു ജ്ഞാനസമ്പത്തു് പ്രദാനംചെയ്യുന്ന കാഴ്ച ആരിലും വേദപ്രചാരണതീക്ഷ്ണത ഉത്തേജകമാക്കുന്നുണ്ടെന്നുള്ളതിനു സന്ദേഹമില്ല. അച്ചൻ പള്ളിയിൽനിന്നു പുറത്തുവരുന്നതിനുമുമ്പുതന്നെ സ്ഥലത്തെ 'മാന്യന്മാ'രിൽ പലരും വീടെത്തിക്കഴിയും. ഇതൊന്നുകൊണ്ടും പിൻമാറുന്ന ഭാവം അദ്ദേഹത്തിനില്ല. രണ്ടുമൂന്നു വർഷങ്ങൾക്കുമുമ്പു് പുസ്തകം വാങ്ങിയിരുന്നവരുടെ കൂട്ടത്തിൽ ഒരു സ്ത്രീ ഫാദർ ജോണിന്റെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചിരുന്നു. പഴയതെങ്കിലും ഭേദപ്പെട്ട വസ്ത്രങ്ങൾ ധരിച്ചുകൊണ്ടാണു് അവൾ എല്ലാ ഞായറാഴ്ചയും പള്ളിയിൽ വന്നിരുന്നതു്. വാരം പ്രതിയുള്ള ദിവ്യകാരുണ്യസ്വീകരണത്തിനു ആ സുകൃതിനി മുടക്കം വരുത്തിയിരുന്നില്ല. വലിയ നിഷ്ഠയായിരുന്ന ആ സാധു ഞായറാഴ്ചതോറും ഓരോ ചെറു പുസ്തകം വാങ്ങിയിരുന്നു. ആ സംഗതി ആരും അറിയാതിരിപ്പാനൊ എന്തൊ, എല്ലാവരും ദേവാലയത്തിൽനിന്നു പോയശേഷമാണു് അവൾ പുസ്തകം വാങ്ങിയിരുന്നതു്. അവളുടെ ദാരിദ്ര്യസ്ഥിതി ഫാദർ ജോൺ

വി. പത്രോസ് തന്റെ സിംഹാസനം റോമയിൽ സ്ഥാപിച്ചു.

ഗ്രഹിച്ചിരുന്നതിനാൽ പലപ്പോഴും വിലകൂടാതെ അവർക്കു പുസ്തകങ്ങൾ കൊടുത്തിരുന്നു.

പ്രസൂത ഇടവകയിൽപ്പെട്ട മാന്തറ മാത്തനെപ്പറ്റിയാണു് ഇനി അല്പം പ്രസ്താവിക്കുവാനുള്ളതു്. ഏകദേശം മുപ്പത്തിനാലു വയസ്സു പ്രായമുള്ള അയാൾക്കു ആശാരിപ്പണിയാണു് തൊഴിൽ. പ്രതിദിനം കിട്ടിയിരുന്ന എട്ടണയിൽനിന്നു ആറണയും മദ്യസേവക്കായി ബലികഴിച്ചു് ശിഷ്ടമുള്ള രണ്ടണമാത്രമെ കയ്യിലാക്കി വീട്ടിൽ എത്തിച്ചിരുന്നുള്ളു. രണ്ടണകൊണ്ടു് തന്റെ ഭാര്യയേയും ഏകപുത്രനേയും പുലർത്തുന്നതിനു് അതു എളുപ്പമല്ലായിരുന്നെങ്കിലും ആ മദ്യപാനി തന്റെ ദുശ്ശീലം ഉപേക്ഷിച്ചില്ല. പ്രയത്നശീലയായ അയാളുടെ ഭാര്യ ദിവസം മുഴുവനും വളരെ അദ്ധ്വാനിച്ചു ജോലി ചെയ്തിരുന്നതിൽനിന്നു കിട്ടുന്ന ആദായം കൊണ്ടു് സ്നേഹമൂർത്തിയായ ഭർത്താവിനെയും വാത്സല്യപുത്രനെയും സസുഖം രക്ഷിച്ചുപോന്നു. എട്ടുവയസ്സു പ്രായമുള്ള അവരുടെ ഏകസന്താനം തേൻപുഴ പള്ളിവക സ്കൂളിൽ നാം ക്ലാസിൽ പഠിക്കുകയാണു്. ഇതൊക്കെ ആ സാധ്വിയുടെ അദ്ധ്വാനശീലഫലമാണെന്നു് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. മാന്തറ മാത്തന്റെ ദിനസരി താഴെ ചേർക്കുന്നു. രാവിലെ എട്ടുമണിയോടുകൂടി എഴുന്നേറ്റു ഭക്ഷണവും കഴിച്ചു് ജോലി സ്ഥലത്തേയ്ക്കു പോകും. ഉച്ചഭക്ഷണം തന്റെ മകൻ ശൗരൊ പണിസ്ഥലത്തു കൊണ്ടുചെന്നു കൊടുക്കുകയാണു് പതിവു്. സായങ്കാലത്തിൽ ജോലി കഴിഞ്ഞാലുടൻ കൂട്ടുകാരുമായി മദ്യഷാപ്പിലേയ്ക്കാണു് തിരിക്കുന്നതു്. 'വെള്ളം' കുടിയും അതിന്റെ 'കോലാഹല'ങ്ങളും കഴിഞ്ഞു് സഹൃഹത്തിൽ തിരിച്ചെത്തുമ്പോൾ മണി ഏകദേശം പതിനൊന്നു കഴിയും. ഉടനെ ഊണായി. അല്പം താമസിച്ചാൽ പിന്നത്തെ അട്ടഹാസങ്ങളും മദ്യദേവതയുടെ ക്രോധാരവങ്ങളും അനിർവ്വചനീയംതന്നെ. എന്തിനധികം, ഒരു മദ്യപാനിയുടെ സകല ശോഷ്ടികളും ചേഷ്ടകളും നമ്മുടെ മാന്തറക്കും ഉണ്ടായിരുന്നു. എന്നാൽ, അയാളുടെ ഭാര്യ ഇതെല്ലാം വിസ്മയനീയമായ ക്ഷമയോടെ സഹിച്ചുപോന്നു. അവൾ ഒരു തിരുഹൃദയഭക്തയായിരുന്നതിനാൽ ഇതൊന്നും അവളെ അസഹ്യപ്പെടുത്തിയില്ല. തന്റെ പ്രിയതമന്റെ മനഃസാന്തരത്തിനായി സുസ്ഥിരതയോടെ അവൾ തിരുഹൃദയത്തോടു പ്രാർത്ഥിച്ചുവന്നിരുന്നു.

പതിനൊന്നുവർഷമായിട്ടും തന്റെ ഭർത്താവിന്റെ ദിനചര്യയിൽ യാതൊരു വ്യത്യാസവും ആ തിരുഹൃദയഭക്ത കണ്ടില്ല. എന്നിട്ടും ഭക്തി വർദ്ധിച്ചതിനാൽ റോമാമെത്രാനാണു് പത്രോസിന്റെ പിൻഗാമി.

തേയുള്ളൂ. ഒരു ഞായറാഴ്ച വൈകുന്നേരം മാന്തറ മാത്തൻ തന്റെ കൂട്ടുകാരെ അന്വേഷിച്ചു വീട്ടിൽനിന്നു പുറപ്പെട്ടു. അയാൾ പ്രതീക്ഷിച്ചിരുന്നതുപോലെ തന്റെ സ്നേഹിതന്മാരും 'വെള്ളം' കുടിക്കായി തന്നെ അന്ന് ക്ഷണിച്ചില്ല. തന്റെ പക്കൽ ഒരു പൈപോലും ഇല്ലാതിരുന്നതിനാൽ ഭഗ്നാശയനായി മാത്തൻ സ്വഗൃഹത്തിലേക്കു തിരിച്ചുപോന്നു. വീട്ടിൽ എത്തിയപ്പോൾ നേരം എട്ടുമണിയായികാണും. തന്റെ മകൻ ശൗരൊ ഏതൊ ഒരു ചെറുപുസ്തകം മുക്കിയും മൂളിയും വായിച്ചുകൊണ്ടിരുന്നു; "മതിയ പനികൾ സൊർക്കരാ . . . " എന്ന് തന്റെ മകൻ വായിക്കുന്നതുകേട്ട് കുട്ടിയുടെ പക്കൽനിന്നു മാത്തൻ പുസ്തകം മേടിച്ചു താൻ തന്നെ വായിക്കുവാൻ ആരംഭിച്ചു. ഭാഗ്യവശാൽ അതു് മധുവജ്ജനത്തെപ്പറ്റിയുള്ള ഒരു ചെറുഗ്രന്ഥമായിരുന്നു. പുസ്തകം മുഴുവനും ഒരുവത്തി വായിച്ചുനോക്കി തന്റെ മഹാപരാധം അല്പമായിട്ടെങ്കിലും അയാൾ മനസ്സിലാക്കി. നയനങ്ങൾ നനഞ്ഞു തുടങ്ങി. പശ്ചാത്താപത്തിന്റെ സമയം വന്നുകഴിഞ്ഞു. മാനസാന്തരം പ്രബലപ്പെട്ടു. ദൈവാനുഗ്രഹം ആ മഹാ പാപിയെ സ്പർശിച്ചു. ദൈവപ്രസാദവരത്തിനു സാധകമാകാതെ എന്തുണ്ട്? തിരുഹൃദയഭക്തി എത്ര കണിശമായി ഫലിച്ചു!

ഭക്ഷണം തയ്യാറായ ഉടനെ ഭാര്യ തന്റെ പ്രിയതമനെ വിളിക്കുന്നതിനായി വന്നു. ഭർത്താവു വിങ്ങി വിങ്ങി കരയുന്നതും അശ്രുകണങ്ങൾ ധാരധാരയായി പൊഴിക്കുന്നതും കണ്ട് ആ സാധ്വി അത്ഭുതപരതന്ത്രയായി, ഇതികർത്തവ്യതാ മൂഢയായി, ഭയവിഹ്വലയായി കുറെനേരം സ്തംഭിച്ചു നിന്നുപോയി. ഒടുവിൽ അവൾ തന്റെ പ്രിയതമനെ അത്യാദരവോടെ വിളിച്ചു. മാത്തൻ കുറെനേരത്തേക്കു ഒന്നും സംസാരിച്ചില്ല. അല്പം കഴിഞ്ഞു വളരെ പണിപ്പെട്ട് 'പ്രിയേ' എന്ന് അയാൾ വിളിച്ചപ്പോഴേക്കും വാവിട്ടു കരഞ്ഞുപോയി. ഭാര്യക്കു സംഗതി മനസ്സിലായി; അവൾ ദൈവത്തിനു സ്തോത്രം പറഞ്ഞുകൊണ്ട് തന്റെ പ്രിയനെ സാന്ത്വന വാക്കുകളാൽ ആശ്വസിപ്പിച്ചു. പിറ്റെദിവസം പണിസ്ഥലത്തേക്കു പോകുന്നതിനു പകരം ദേവാലയത്തിലേക്കാണ് തിരിച്ചതു്. കഴിഞ്ഞ ആറുവർഷക്കാലത്തിനിടക്ക് ആ മനുഷ്യൻ ഒന്നോ രണ്ടോ പ്രാവശ്യം മാത്രമേ ദേവാലയത്തിൽ പ്രവേശിച്ചിട്ടുണ്ടായിരുന്നുള്ളൂ. അതും തന്റെ ഭാര്യയുടെ നിർബ്ബന്ധംമൂലമായിരുന്നു. തന്റെ പാപങ്ങളെക്കുറിച്ചു് അതിയായി അനുതപിച്ചുകൊണ്ട് യഥാക്രമം പാപസങ്കീർത്തന

പത്രോസിനു നൽകിയ സ്ഥാനം പിൻഗാമികൾക്കും നൽകിയിട്ടുണ്ട്.

ത്തിനായി അണഞ്ഞു. അന്നു മുതൽ അയാളുടെ ജീവിതരീതിയും വ്യത്യാസപ്പെട്ടുത്തി. മതകാര്യങ്ങളിൽ ആസക്തി വർദ്ധിച്ചു. മതപരമായ ഗ്രന്ഥ പാരായണത്തിൽ അഭിരുചി ശക്തിമത്തായിത്തീർന്നു. തനിക്കു കിട്ടിയ ക്ലേശിമുഴുവനും ഭാര്യയെ ഏല്പിച്ചിരുന്നു. മിത്രമായിരുന്ന മദ്യം ശത്രുവായിത്തീർന്നു. എന്തിനേറെ; മത്തായി മാത്തൻ ഒരു പുതിയ മനുഷ്യനായിത്തീർന്നു.

തന്റെ ഭാര്യ ശേഖരിച്ചിരുന്ന കുസുമഗ്രന്ഥാവലികളും മറ്റും ഏതാനും ദിവസംകൊണ്ടു മാത്തൻ പൂർത്തിയാക്കി. അയാൾ നിർധനനായിരുന്നതുകൊണ്ടു വലിയ പുസ്തകങ്ങളും പത്രമാസികകളും വരുത്തിവായിക്കുന്നതിനു അത്ര എളുപ്പമല്ലായിരുന്നു. ജ്ഞാനാഭിവൃദ്ധിക്കായി സദാ കാംക്ഷിച്ചിരുന്ന നമ്മുടെ കഥാനായകൻ തന്റെ അഭിലാഷങ്ങൾ ഫാദർ ജോണിനെ ഗ്രഹിപ്പിച്ചു പാടുള്ളവിധത്തിലെല്ലാം അദ്ദേഹം അയാളെ സഹായിക്കാതിരുന്നില്ല. ഒടുവിൽ പത്രമാസികകൾ നിഷ്പ്രയാസേന വരുത്തുന്നതിനു പ്രയോഗികമായ ഒരുപായം ഫാദർ ജോൺ മാത്തനെ മനസ്സിലാക്കി.

ആശാരിപ്പണിക്കാരൻ മാത്തൻ പുണ്യത്തിൽ എന്നപോലെ ജ്ഞാനസമ്പാദനത്തിലും ദിനേനദിനം അഭിവൃദ്ധി പ്രാപിച്ചുതുടങ്ങി. പണിസ്ഥലത്തു പല മതക്കാരുമുണ്ടായിരുന്നതിനാൽ ചിലപ്പോഴൊക്കെ കത്തോലിക്ക മതത്തെ അധർമ്മമായി പഴിക്കുന്നവരുമുണ്ടായിരുന്നു. അറിവില്ലാത്തവരായ കത്തോലിക്കർ അതുകേട്ടു ശരിവയ്ക്കുക എന്നതും അത്ര അസാധരണമല്ല. തങ്ങളുടെ മതാചാര്യന്മാരിൽനിന്നു, അജ്ഞതകൊണ്ടോ വക്രതകൊണ്ടോ, ലഭിച്ച വ്യാജപ്രസ്താവനകളെ പ്രോട്ടസ്റ്റാന്റുകാരായ പണിക്കാർ യഥാവസരം ജോലിസ്ഥലത്തു നല്ലവേഷംകെട്ടിച്ചു വിട്ടിരുന്നു. ഈദൃശ കാരണങ്ങളാൽ കത്തോലിക്കരുടെ വിശ്വാസം അനുദിനം ഉലഞ്ഞുപ്പെട്ടിരുന്നെന്നു് ഊഹിക്കാമല്ലൊ. എന്നാൽ മാത്തന്റെ മാനസാന്തരാനന്തരം സംഗതികൾ വ്യത്യസപ്പെട്ടു. ഓരോ അയഥാർത്ഥ പ്രസ്താവനകൾക്കും ഉടനടി ശരിയായ ഉത്തരം നൽകി പ്രതിപക്ഷിയെ ലജ്ജിപ്പിക്കുന്നതിനു അയാൾക്കു സാധിച്ചു ഒരിക്കൽ നടന്ന വാദം ഇപ്രകാരമാണു്.

പ്രോട്ടസ്റ്റ.— "നിങ്ങളുടെ പാപ്പായ്ക്കു തെറ്റാവരം ഉണ്ടോ?"

മാത്തൻ,— "ഉണ്ടു്."

അതിനാൽ റോമാമെത്രാനാണു് തിരുസഭയുടെ തലവൻ.

പ്രോ.— "അപ്പോൾ അയാൾ ഒരു നുണപറഞ്ഞാൻ നുണയാകയില്ലെ
ന്നാണല്ലൊ വരുന്നതു്? അതു ഞാൻ എങ്ങിനെ സമ്മതിക്കും?"
മാത്തൻ— "അദ്ദേഹം നുണപറഞ്ഞാൽ നുണയും സത്യംപറഞ്ഞാൽ
സത്യവുമായിരിക്കും. പക്ഷേ, തെറ്റാവരം നിങ്ങൾ തെറ്റിധരിച്ചെന്നു
തെളിയുന്നു. വിശ്വാസംബന്ധമായും സന്മാർഗ്ഗപരമായുമുള്ള വിഷയങ്ങ
ളെ തിരുസ്സഭയുടെ ഏകതലവൻ എന്ന നിലയിൽ, ലോകംമുഴുവനും
സ്വീകരിക്കേണ്ടതിനായി പറിപ്പിക്കുമ്പോൾ, അദ്ദേഹത്തിനു ഒരിക്കലും
തെറ്റു പറവാൻ പാടില്ലെന്നത്രെ, തെറ്റാവരംകൊണ്ടു് നിങ്ങൾ മന
സ്സിലാക്കേണ്ടതു്." ഇതു വ്യാപകമായ ജ്ഞാനം ഒരു ആശാരിപ്പണി
ക്കാരനു എങ്ങിനെ സിദ്ധിച്ചു? എല്ലാവക്കും ഇതൊരു രഹസ്യമായിരു
ന്നു. അയാളുടെ മകൻ ശൗരൊയും സമവയസ്സരായ മറ്റുള്ള സഹപാ
ഠികളെ അപേക്ഷിച്ചു് കൂടുതൽ അറിവുള്ളവനായിത്തീർന്നു. വേദോപദേശ
ക്ലാസിലെ ഒന്നാം സമ്മാനം മാന്തറ മാത്തൻ ശൗരൊനുതന്നെ. മറ്റു
ള്ളവക്കു് ഇതും ഒരു രഹസ്യമായി തോന്നി.

നാലുകൊല്ലങ്ങൾക്കുമുമ്പു് 'മുക്കുടിയൻ' എന്ന പേരിനാൽ അറി
യപ്പെട്ടിരുന്ന മാന്തറ മാത്തൻ ഇപ്പോൾ ഒരു മാതൃകാപുരുഷനായിട്ടത്രെ
തീർന്നിരിക്കുന്നതു്. തദ്ദേശവാസികൾ അയാളുടനേരെ സ്നേഹബഹു
മാനാദികൾ പ്രദർശിപ്പിച്ചുതുടങ്ങി. അയാളുടെ സുകൃതാചാരങ്ങളെക്കാ
ൾ കൂടുതലായി അവരെ വിസ്മയിപ്പിച്ചതു് മതകാര്യങ്ങളിൽ അയാൾക്കു
ണ്ടായ അസാമാന്യ അഭിവൃദ്ധിയാണു്. സുകൃതിയാവാൻ ആർക്കും കഴിയും
എന്നാൽ മതവിഷയങ്ങളിൽ നിപുണത സമ്പാദിക്കുവാൻ അത്ര സുകര
മല്ല. ഇതിനും പുറമെ, ഉപജീവനാർത്ഥം പ്രഭാതം മുതൽ പ്രദോഷം
വരെ ആശാരിപ്പണിചെയ്യുന്ന ഒരാൾക്കു് ഇതു സുസാധകമാകുന്നതെ
ങ്ങിനെ? എങ്ങനെയായാലും നമ്മുടെ കഥാനായകൻ സുകൃതത്തിലും
ജ്ഞാനത്തിലും ദൈനംദിനം വർദ്ധിച്ചുകൊണ്ടുതന്നെ ഇരുന്നു.

ഒരു മാസാദ്യവെള്ളിയാഴ്ച, നേരം ഏകദേശം നാലുനാഴിക രാവെ
ന്നു. തന്റെ പക്കലുണ്ടായിരുന്ന ചൂട്ടു കെട്ടുപോയതിനാൽ ഒരു മനു
ഷ്യൻ തപ്പിത്തടഞ്ഞു നമ്മുടെ കഥാപുരുഷന്റെ പടിക്കൽ എത്തി. അ
യാൾ തേൻപുഴ പള്ളിയിൽനിന്നു വരികയാണെന്നുതോന്നുന്നു. സ്ഥല
ത്തെ മാന്യന്മാരിൽ ഒരാളാണു്. ഇരുട്ടു ശക്തിയായിരുന്നതിനാൽ മാത്ത
ന്റെ വീട്ടിൽനിന്നു കുറെ ചൂട്ടു വാങ്ങിക്കാമെന്നുവെച്ചു് അങ്ങോട്ടു തിരി
ച്ചു. ആ മാന്യൻ മുറ്റത്തു ചെന്നെത്തിയപ്പോൾ കണ്ട കാഴ്ച അയാളെ

പത്രോസ് ഗുരുശ്രേയുടെ സ്ഥാനം വഹിക്കുന്നു.

വല്ലാതെ വിസ്മയിപ്പിച്ചു. ആശാരിപ്പണിക്കാരൻ മാത്തൻ 'കഥാചന്ദ്രിക' മാസിക വായിക്കുന്നു. അയാളുടെ ഭാര്യയും പുത്രനും അടുത്തിരുന്നു ശ്രദ്ധാപൂർവ്വം കേൾക്കുന്നുണ്ട്. ചെറിയ ചില സംശയങ്ങളും മറ്റും ചോദിക്കുന്നതിന് അയാൾ ശരിയായ വ്യാഖ്യാനങ്ങളും നൽകാതിരിക്കുന്നില്ല. ഇത്തരുണത്തിൽ നസറസ്സിലെ തീരുകുടുംബത്തെപ്പറ്റി ആ മനുഷ്യൻ ഓർത്തെന്നു നമുക്കു ഊഹിക്കാം. അദ്യാഗതനായ ആ മാന്യനെ മാത്തൻ കണ്ടമാത്രയിൽ വേണ്ട ഉപചാരങ്ങൾ ചെയ്തു വീട്ടിനകത്തേക്കു ക്ഷണിച്ചു. അയാൾ അകത്തേക്കു കടന്നപ്പോൾ അവിടെ ഒരു സ്ഥലത്തു ചില പത്രങ്ങളും മാസികകളും വെച്ചിരിക്കുന്നതായി കണ്ടു. അക്കൂട്ടത്തിൽ 'തിരുഹൃദയദൂതൻ' 'കഥാചന്ദ്രിക' 'നസ്രാണിദീപിക' 'കൺവേർഷ്യൻ ലിറ്റ്' പ്രസിദ്ധികരണങ്ങൾ ഏന്നു മാസികകളും പത്രഗ്രന്ഥങ്ങളും കണ്ടു, ആ മാന്യൻ മാത്തനോടിപ്രകാരം ചോദിച്ചു. 'മാത്താ, ഇത്ര വളരെ മാസികകളും മറ്റും വരുത്തി വായിക്കുന്നതിന് നിന്നെക്കൊണ്ടു എങ്ങിനെ സാധിക്കും! ഇതിനുവേണ്ട പണവും വായിക്കുവാനുള്ള സമയവും നിനക്ക് എങ്ങനെ ലഭിക്കും. പത്തുനാല്പതിനു വകയുള്ള ഞങ്ങളെക്കൊണ്ടു ഒരു പത്രംപോലും വരുത്തി വായിക്കുന്നതിന് വളരെ പ്രയാസമായിരിക്കുന്നു. എത്രയാനാം മാസങ്ങൾക്കുമുമ്പു ഞാൻ 'കഥാചന്ദ്രിക' വരുത്തിയിരുന്നു. ഒരിക്കൽ ഒരു വി. പി വന്നതു എടുക്കാഞ്ഞ കാരണം ഇപ്പോൾ അതു കിട്ടുന്നില്ല." അതിനു മാത്തൻ, "ചേട്ടാ, ഇതു അത്ര പ്രയാസമുള്ള സംഗതിയായിട്ട് എനിക്കു തോന്നുന്നില്ല. ഇതിൽനിന്നുള്ള ഉപകാരം എത്ര മഹത്തരം! വരിപ്പണം എട്ടു പത്തു രൂപായോളം വേണം. അതു ഒന്നായിട്ട എടുക്കുന്നതിനു എന്നെക്കൊണ്ടു സാധിക്കയില്ല. അതുകയാൽ ഞാൻ ഒരു സൂത്രംചെയ്തുവരുന്നു. പ്രതിദിനം കിട്ടുന്ന കൂലിയിൽനിന്നു അരയണവീതം ഞാൻ ഒരു ചെറിയ പെട്ടിയിൽ സൂക്ഷിക്കുന്നുണ്ട്. വരിപ്പണം അയക്കുവാനുള്ള സമയമാകുമ്പോൾ മാത്രമെ പെട്ടി തുറക്കുകയുള്ളു; അപ്പോൾ ആവശ്യമുള്ള പണം അതിലുണ്ടാകും. ഇതാണെന്റെ സൂത്രം." മാത്തന്റെ അതിഥിക്കു ലജ്ജയാണോ വിസ്മയമാണോ കൂടുതലായി ഉണ്ടായതെന്നു അറിഞ്ഞുകൂടാ. അയാൾ ഉടൻതന്നെ ചൂട്ടു കത്തിച്ചുകൊണ്ടു പോകയുംചെയ്തു

—:—

കഴിഞ്ഞ വത്സരത്തിൽ ദൈവംതന്ന നന്മകൾക്കു നന്ദിപറയുകയും പുതിയ വത്സരത്തിൽ കൂടുതൽ നന്മകിട്ടാൻ അപേക്ഷിക്കുകയും ചെയ്യുക.

പത്രോസ് സഭയുടെ കാണപ്പെട്ടുന്ന തലവനാണ്.

ക്രീസ്തുമാർഗ്ഗപ്രദീപം.

(പ്രഹസനം.)

(തുടർച്ച)

(ശ്രീമാൻ ഒപ്പുന്നയിൽ ഉകു. എ. ഉസന്ഥാസ്സ്യൻ)

സുമുഖി— ഹാ! ദൈവമേ! ഇനി ഞാൻ എന്തിനു ജീവിച്ചിരിക്കുന്നു. എന്റെ മകനേ! സോമശർമ്മാ! നീ എന്നെ ഈ ദുഃഖസാഗരത്തിൽ ഉപേക്ഷിച്ചുംവച്ചു പോയോ? ഹാ! ഹതവിധേ! ഭവാനെന്റെ പാപിയായ ദേഹിയെ ഉടനേ സഹിക്കേണമേ!

സുകുമാരൻ— പ്രിയേ! ഭവതി സമാധാനമായിരിക്കുക.

സുമുഖി— ഭർത്താവെ! ഞാൻ എന്തുവിചാരിച്ചാണു സമാധാനപ്പെടുന്നതു്?

സുകു.— പ്രിയേ, ഭവതിക്കുടി ഈ അവസരത്തിൽ ഇപ്രകാരം തുടങ്ങിയാൽ എന്റെ അവസ്ഥ എന്തായിരിക്കും. അതിനാൽ സമാധാനമായിരിക്കുക. ദൈവം നമ്മുടെ സർവ്വ സങ്കടങ്ങളും തീർത്തു അനുഗ്രഹിക്കും. പ്രിയതമേ! ഭവതിക്കു ക്ഷീണം വളരെ തോന്നുന്നുവല്ലോ. അതിനാൽ നമുക്കു ഉദ്യാനത്തിൽപോയിരുന്നു മന്ദമാരുതനേറു മനസ്സിനെ ആശ്വസിപ്പിക്കാം.

സുമുഖി— ഓഹോ. അവിടുത്തെ ഇഷ്ടംപോലെ ആകട്ടെ.

(ഇരുവരും പോയി.)

ഒന്നാംരംഗം സമാപ്തം.

രണ്ടാംരംഗം.

ഒരു വനം.

ഒരു കള്ളൻ പ്രവേശിക്കുന്നു.

(ഒരന്തിമനൊരുതനനാനോ എന്ന മട്ടു്.)

കള്ളൻ— പാത്തലമെല്ലാം കീർത്തിക,ലത്തിട്ടുമുസ്മാൻ ഞാൻതന്നെ
ചോരന്മാരുടെ നേതാവായിട്ടും, വീരനാമുസ്മാൻ ഞാൻതന്നെ
പള്ളികൾഭണ്ഡാരങ്ങളും,കൊള്ള ചെയ്യുമുസ്മാൻഞാൻതന്നെ

മറു ശ്ലീഹന്മാർക്കും ഓരോ തെറ്റാവരം കൊടുത്തിരുന്നു.

എന്നുടെനാമംകേൾക്കുകിൽ, മന്നവന്മാരും പേടിക്കും
പേടിക്കാതടുക്കുന്നോരെഞാൻ, വെട്ടിനുറുക്കികൊന്നിടും
ചോരപ്പുഴയിലാറാടാൻ, പാരംകുതുകം തോന്നുന്നു.

സകല ചരാചരങ്ങളേയും വിക്രമാതിശയത്താൽ കിഴ്കിടെ വിറ പ്പിക്കുന്ന എന്നോട് സമനായിട്ട് ഇപ്പോൾ ആരാണുള്ളത്? ആരെങ്കി ലും ഉണ്ടെങ്കിൽ എന്റെനേരെ വരട്ടെ: അപ്പോൾ അറിയാം ഉസ്മാന്റെ കരബലം.

(അണിയറയിൽ)

ഹാ! കഷ്ടം ജനകൻവെറുത്തു, മനവും ദുഃഖാബ്ധിമദ്ധ്യത്തിലാ-
യാകപ്പാടെ വലഞ്ഞിടുന്നുനിയതം; ഞാനിങ്ങു സർവ്വേശ്വരാ!
വേഗത്തിൽ മമ ദേഹിയും, സുരപുരേചെന്നങ്ങു ചേർത്തീടുവാൻ
യോഗംമേൽതവ മേകിയെൻ ദുരിതവും ദൂരത്തിലാക്കീടണേ.

(സോമശർമ്മൻ പ്രവേശിക്കുന്നു.)

കള്ളൻ— ആരെടാ! അത്? അവിടെ നില്ക്കുക. ഒരു മുഴുവട്ട മുമ്പോ ട്ടുവച്ചാൽ നിന്റെ കഥ കഴിഞ്ഞു.

സോമ— ഞാൻ നിസ്സഹായനായ ഒരു വഴിപോക്കനാണ്. വഴിതെ റ്റി അലഞ്ഞു തിരിഞ്ഞു ഈ കൊടുംകാട്ടിൽവന്നു ചേർന്നിരിക്കുന്നു. അതിനാൽ ദയവുചെയ്തു എന്നെ ഈ അത്യാപത്തിൽനിന്നു രക്ഷി ക്കണേ!

കള്ളൻ— എടാ മൂഢാ! ഞാൻ ഇതേവരേ ഇതിലേപോയിട്ടുള്ള ഒരു ത്തനെ എങ്കിലും ജീവനോടെ വിട്ടയച്ചിട്ടില്ല. അതിനാൽ ഇപ്പോ ൾത്തന്നെ നിന്റെ കഥ ഞാൻ കഴിക്കും.

സോമ — അവിടുത്തെ കൈയാൽ മരിക്കാൻപോകുന്ന എന്റെ അവ സാനമായ അപേക്ഷയെ കേൾക്കാൻ ദയവുണ്ടാകണേ.

കള്ളൻ— എന്തെടാ! വേഗംപറ!

സോമ.— എന്റെ ഈ മരണസമയം സകല ചരാചരങ്ങളേയും പരി പാലിക്കുന്ന ആ ജഗദീശ്വരനോട് അവസാനമായി ഒന്നു പ്രാർത്ഥി ക്കാൻ അനുവദിക്കണേ!

കള്ളൻ— മാഹോ! വേഗമാകട്ടെ. നിന്റെ തല വെട്ടാഞ്ഞു എന്റെ കൈ തരിക്കുന്നു.

സോമ.— (മുട്ടിന്മേൽനിന്നു കൈ കൂപ്പിക്കൊണ്ടു)
(ചെന്തിൽമാനഗരം എന്ന മട്ടു്.)
ദൈവമേ! ദയാവാരിധേ! നീ എന്നെ
കൈവെടിഞ്ഞോ കൃപയെന്യേ—അതി
ഘോരമാകിയ കാനനേയിവനാലെ ഞാനതിദീനനായ് മൃത—
നാകണോ? നാഥാ! ഞാൻചെയ്തപാപങ്ങൾ
ആകെയീയന്യ സമയം—പൊറു
ത്തീടേണമേ! നീ സദയം.
പ്രീതിയേറുമെൻ മാതാപിതാക്കളെ
സാദരം കാത്തുകൊള്ളേണം—പരി
ശുദ്ധിയേറിയ ക്രീസ്തുവേദമതിന്റെ പൊൻകതിർവീശിടുമ്മത
ക്രൂരിതരുളാകവേനീക്കി ഭൂതലം
പാരം വിളങ്ങീടുവാനാ—യങ്ങേ
കാരുണ്യമുണ്ടാകേണമേ!

(അശരീരി) വത്സാ! നിന്റെ അപേക്ഷ ഞാൻ കൈക്കൊണ്ടിരിക്കുന്നു. നിന്നെ സകല അനർത്ഥങ്ങളിൽനിന്നും ഞാൻ രക്ഷിക്കും. (കള്ളൻ പെട്ടന്നു ബോധരഹിതനായി വീഴുന്നു.)

സോമ— അഹോ! ഇതു എന്തൊരു ആശ്ചര്യകരമായ സംഭവമാണു്. ഞാൻ ഈ കേട്ടതു ആരുടെ ശബ്ദമാണു്? എല്ലാം ദൈവത്തിന്റെ മഹാശക്തിതന്നെ. (കള്ളന്റെ അടുത്തിരുന്നു ശുശ്രൂഷിച്ചിട്ടു) സോദരാ! എഴുന്നേല്ക്കുക.

കള്ളൻ— (എഴുന്നേറ്റു) സ്വാമീ! ഞാൻ അറിയാതെ ചെയ്തുപോയ അപരാധങ്ങളെ ക്ഷമിക്കണമേ! അവിടുത്തെ പ്രാർത്ഥനാസമയത്തുതന്നെ എന്റെ മനസ്സു് ഇളകി വശായി. എന്നുതന്നെയല്ല ഇപ്പോൾ കേട്ട ആ അത്ഭുതശബ്ദംതന്നെ എന്നെ വല്ലാതെ അന്ധാളിപ്പിച്ചിരിക്കുന്നു.

സോമ— സോദരാ! എന്നാൽ ക്രീസ്തുവായ ദൈവം നിങ്ങളെ അനുഗ്രഹിച്ചു കഴിഞ്ഞിരിക്കുന്നു.

കള്ളൻ— സ്വാമീ! ഞാൻ ഇതേവരേ ചെയ്തിട്ടുള്ള മഹാപാതകങ്ങൾക്കു ഒരു കയ്യും കണക്കുമില്ല. പിന്നെ എങ്ങനെയാണു് ദൈവം എന്നെ അനുഗ്രഹിക്കുന്നതു്?

മെത്രാന്മാർ മറ്റു ശ്ലീഹന്മാരുടെ പിൻഗാമികളാണു.

സോമ— സോദരാ! നിങ്ങൾ അതിനേപ്പറ്റി ഒട്ടുംതന്നെ ഖേദിക്കേണ്ട. ദൈവപുത്രനായ ക്രീസ്തു തന്റെ മരണസമയത്തു തന്നോടു മാപ്പു പേക്ഷിച്ച കഠോര പാതകിയുടെ സർവ്വാപരാധങ്ങളും ക്ഷമിച്ചു തൽക്ഷണം അവനു മോക്ഷംകൊടുത്തില്ലയോ?

കള്ളൻ— സ്വാമീ! എന്നാൽ ഞാനിനി ആ ക്രീസ്തുദേവനുവേണ്ടി എന്താണു ചെയ്യേണ്ടതു്? അവിടുന്നു ആരാണു്? ഇപ്പോൾ എവിടേക്കു പോകുന്നു. എന്നെക്കൂടി കൊണ്ടുപോകുന്നതിനു വിരോധമുണ്ടോ?

സോമ— സോദരാ! ഞാൻ പുഷ്പമംഗലം ഗ്രഹാധിപനായ സുകുമാരന്റെ ഏകപുത്രനാണു്. എനിക്കും നിങ്ങളേപോലെതന്നെ കുറച്ചുകാലത്തേക്കു ആ ലോകത്രാതാവായ യേശുക്രീസ്തുവിനെപറ്റി അറിയുന്നതിനു ഭാഗ്യമുണ്ടായില്ല. എന്നാൽ അപ്രതീക്ഷിതമായ ഒരു സംഭവത്താൽ എന്റെ നിർഭാഗ്യം പെട്ടെന്നു അവസാനിച്ചു. ആ നിമിഷംതന്നെ ഞാൻ എന്റെ പ്രൗഢപദവിയേയും, ബന്ധുമിത്രാദികളേയും വൃദ്ധരായ മാതാപിതാക്കന്മാരേയും മറ്റും ഉപേക്ഷിച്ചിട്ടു ക്രീസ്തുവിനുവേണ്ടി വേലചെയ്യാൻ പുറപ്പെട്ടു. ഇങ്ങനെയാണു് ഞാൻ ഇപ്പോൾ ഇവിടെവന്നു ചേർന്നതു്. അതിനാൽ എന്റെ സഹോദരാ! നിങ്ങളും എന്റെകൂടെ വരിക. നമുക്കു നമ്മേപ്പോലെ അജ്ഞാനാന്ധകാരത്തിൽ മുഴുകി, നിത്യായുസ്സിന്റെ മാർഗ്ഗം തടയപ്പെട്ടു കിടക്കുന്ന ആ നിർഭാഗ്യ പാപികളുടെ മാനസാന്തരത്തിനുവേണ്ടി വേലചെയ്യാം.

കള്ളൻ— സ്വാമീ! ഞാൻ അതിനെ സന്തോഷത്തോടുകൂടി ഇതാ സമ്മതിച്ചിരിക്കുന്നു. എന്നാൽ നമുക്കിനി ഒട്ടുംതന്നെ താമസിക്കാൻ പാടില്ല. ഈ വഴിയെതന്നെ പുറപ്പെടാം.

സോമ— അങ്ങനെതന്നെ. നമ്മുടെ ഉദ്ദേശം നിഷ്പ്രയാസം സാധിക്കുന്നതിനും നമ്മെ സകല അനർത്ഥങ്ങളിൽനിന്നും രക്ഷിക്കുന്നതിനുമായി ദൈവത്തോടു പ്രാർത്ഥിക്കാം.

(ഇരുവരും കേണിയോടുകൂടി)

(ഗീതം--പ്രാണസഖീ എന്ന മട്ടു്.)

പല്ലവി.

കാരുണ്യാംബുധിയാംദേവാ! കാത്തരുൾക ഞങ്ങളെനീ.

അനുപല്ലവി.

സത്യവേദമീഭൂതലമതുയും പരത്തീടുവാൻ
ചിത്തതാരിലാശയുണ്ടെ നുദ്ദേശം സാധിപ്പിക്കുണേ! കാരു

ചരണങ്ങൾ.

സ്വന്തരക്തമതുപോലും നിൻതിരുസഭയതിനായ്
ചിന്തുവതിനുംധൈര്യത്തെ സന്തതമരുളിടേണം കാരു
പാപികൾക്കുവേണ്ടി പാരിൽ ജാതനായയേശുദേവാ!
ആപത്തേതും മേക്കാതെനീ കാത്തുരക്ഷിച്ചീടേണമേ! കാരു

(ഇരുവരും പോയി.)

രണ്ടാംരംഗം സമാപ്തം.

ഇക്കഴിഞ്ഞ ഇരുപത്തഞ്ചു നോമ്പിലെ ആദ്യത്തെ ഞായറാഴ്ച പോത്തുഗാളിലെ തലസ്ഥാനമായ ലിസ്ബൺ പട്ടണത്തിലെ എല്ലാ പള്ളികളിലും കത്തോലിക്കാ സ്ത്രീകളുടെ നടത്തിപ്പിലേക്കു ഒരു പണപ്പിരിവു എടുക്കുകയുണ്ടായി.

* * *

ഫ്രൻചുകാർ കൃിനാം സ്ഥാനത്തിലെയ്ക്കു ഉയർത്തപ്പെടുകയും ചിക്കാഗോവിലെ ദിവ്യകാരുണ്യ മഹായോഗത്തിൽ മാപ്പാപ്പായുടെ പ്രതിനിധിയായി അയയ്ക്കപ്പെടുകയും ചെയ്ത ബൊൽസാനോ തിരുമനസ്സുകൊണ്ടു കാലംചെയ്തിരിക്കുന്നു. നൂറു വയസ്സുണ്ടായിരുന്ന അവിടുന്നു കർദ്ദിനാൾ സംഘത്തിലെ ഏറ്റവും പ്രായംകൂടിയ അംഗമായിരുന്നു. തിരുമനസ്സിലെ മരണത്തോടുകൂടി പ്രസ്തുത സംഘത്തിൽ എട്ടുപേർ ഒഴിവായിട്ടുണ്ടു. ഇക്കഴിഞ്ഞ ഡിസമ്പർ ഫ്രൻാംനു കൂടിയ തിരുസംഘത്തിൽ പരിശുദ്ധപിതാവു 6 പേരെ കർദ്ദിനാൾ സ്ഥാനത്തിലെയ്ക്കു ഉയർത്തുകയുണ്ടായി. അവരിൽ ഒരാൾ ഇന്ത്യയുടെ വിസിറ്റർ അപ്പൊസ്തോലിക്കയായിരുന്ന മോൻസിഞ്ഞോർ ലെപ്പീസിയെ തിരുമേനിയാണ്.

* * *

ജപ്പാനിൽ നാഗസാക്കി രൂപതയിൽ ഫ്രവുൻ മുതൽ വേലചെയ്തുപോന്ന ഒരു പ്രഞ്ച് മിഷ്യനറീക്കു അവിടത്തെ ചക്രവർത്തി ഒരു വലിയ ബഹുമതി കല്പിച്ചുകൊടുത്തിരിക്കുന്നു.

എല്ലാമെത്രാന്മാരും കൂടിയ സംഘത്തിനു തെറ്റാവരമുണ്ട്.

"ആരോഗ്യവാരം"—മദനപ്പള്ളി.

(ഒരു ദൃക്സാക്ഷി.)

മദനപ്പള്ളി എന്നപേര് കേട്ടിട്ടില്ലാത്തവരായി നമ്മുടെ നാട്ടകാരിൽ അധികമാളുകൾ ഉണ്ടെങ്കിലും ആ സ്ഥലത്തെപ്പറ്റി ശരിയായ അറിവുള്ളവർ വളരെ ചുരുക്കമായിരിക്കും. ക്ഷയരോഗസംബന്ധമായിട്ടു മാത്രമാണ് നമ്മുടെ ആളുകൾക്കു് ഈ സ്ഥലമായി അല്പ പരിചയത്തിനെങ്കിലും ഇടവന്നിട്ടുള്ളതു്. അതെ, അതുകൊണ്ടുതന്നെയാണു ഇതിനെപ്പറ്റി കൂടുതൽ ചില വിവരങ്ങൾ എഴുതുന്നതു്. കഥാചന്ദ്രിക വായനക്കാർക്കു് ഇതു രസാവഹവും ഉപകാരപ്രദവും ആയിരിക്കുമെന്നു വിശ്വസിക്കുന്നു.

ക്ഷയരോഗബാധിതരായവരെ താമസിപ്പിച്ചു ചികത്സിക്കുന്നതു് മദനപ്പള്ളി പട്ടണത്തിനടുത്തു നാലുമൈൽ ദൂരെ ആരോഗ്യവാരം എന്ന സ്ഥലത്താണു. ഈ പ്രദേശം വലിയ മലകളാൽ ചുറ്റപ്പെട്ടതും കുറെ കാടുകളാൽ നിബിഡമായതും സമുദ്രനിരപ്പിൽനിന്നു, ഒരുപാടു് അടി (അരമൈലിൽ അധികം) ഉയർന്നതുമാകുന്നു. ഇവിടത്തെ വായു നീരാവി വളരെ കുറവുള്ളതാകയാൽ ശ്വാസകോശസംബന്ധമായി രോഗമുള്ളവർക്കു വളരെ പറ്റിയതാണു്.

ക്ഷയരോഗികളെ ചികിത്സിക്കുന്നതിനുള്ള ഈ മഹാ സ്ഥാപനത്തെ Union Missions Tuberculosis Sanatorium എന്നാണു വിളിച്ചുപോരുന്നതു്. കത്തോലിക്കർ ഒഴിച്ചു മറ്റുള്ള സകല ക്രിസ്തീയവകുപ്പും ഒന്നിച്ചു് ഈ സ്ഥാപനം നടത്തിവരുന്നു. ഇതിന്റെ ചിലവിലേക്കായി മിഷ്യൻസിൽനിന്നു കൊല്ലന്തോറും നാലായിരം രൂ. യും ബ്രിട്ടീഷ് ഗവർമേണ്ടിൽനിന്നു രണ്ടായിരം രൂ. യും ധനസഹായം ചെയ്തുവരുന്നതായി അറിയുന്നു. ആരോഗ്യവാരത്തിനു ഉദ്ദേശം രണ്ടു ചതുരശ്ര നാഴിക വിസ്തീർണ്ണമുണ്ടു്. ഇതിനുള്ളിൽ രോഗികൾക്കു താമസിപ്പാനുള്ള കെട്ടിടങ്ങൾ, ഔഷധശാലകൾ, ഡോക്ടർമാരുടേയും നർസ്മാരുടേയും വസതികൾ, വായനശാല, പൂന്തോട്ടങ്ങൾ, മുതലായതുകൾ ഉണ്ടു്. രോഗികൾക്കു താമസിക്കുന്നതിന്നായി സൌകര്യത്തിന്നനുസരിച്ചു നൂറു രൂ. മുതൽ ഏഴായിരം രൂ. വരെ പ്രതിമാസം കൂലിയുള്ള കെട്ടിടങ്ങളുണ്ടു്. സാധാരണ മരുന്നുകൾക്കുള്ള ചിലവും ഡോക്ടർമാരുടെ സന്ദർശനങ്ങൾക്കുള്ള പടിയും ഇ

എന്നാൽ ആ സംഘത്തിന്റെ തലവൻ മാപ്പിളപ്പാ ആയിരിക്കും.

തീൽ ഉൾപ്പെടുന്നതാണ്. ഫ്ലൂ ക. വാർഡിൽപെട്ടവക്ക് ഭക്ഷണം സ്ഥാപനംവകയായി കൊടുക്കപ്പെടുന്നു.

രോഗികളെ ചികിത്സിക്കുന്നതിന്നായി ഒരു മെഡിക്കൽ സൂപ്രേണ്ടും മൂന്നു ഡോക്ടർമാരും അവരുടെ സിൽബന്ധികളും ഉണ്ട്. ആരോഗ്യവാരത്തിലെ ക്ഷയരോഗികൾ നാം ഉദ്ദേശിക്കുന്നതുപോലെ ക്ഷിണിച്ചു മെലിഞ്ഞവരല്ല. കാഴ്ചക്കു അവർ അരോഗദൃഢഗാത്രന്മാരായിരിക്കുന്നു. ചുമയുള്ളവർ ചുരുക്കം. പക്ഷെ ഒരോ രോഗിയുടേയും ശ്വാസകോശങ്ങൾ എത്രമാത്രം നശിച്ചുപോയിട്ടുണ്ടെന്നു അറിയാൻ അടുത്തു സൂക്ഷിക്കപ്പെട്ടുന്ന ചാർട്ട് പുസ്തകത്തിൽനിന്നു മനസ്സിലാക്കാവുന്നതാണ്. നീരോവിയില്ലാത്ത ശുദ്ധവായു ശ്വസിക്കൽ മൂലവും പോഷകങ്ങളായ ഭക്ഷണപദാർത്ഥങ്ങൾ മൂലവും ക്രമീകരിച്ചിട്ടുള്ള ശരീരായാസങ്ങൾ മൂലവുമാണ് രോഗികൾ കാഴ്ചക്കു അരോഗരായി കാണപ്പെടുന്നത്. അവകൊണ്ടുതന്നെയാണു പ്രധാനമായി രോഗം ക്രമേണ ശമിക്കുന്നതും ചുരുക്കം ചില രോഗികൾക്കു അവരുടെ രോഗാനുസരണം പ്രത്യേക ചികിത്സകളും ചെയ്യുന്നുണ്ട്.

ഇനി ആ സ്ഥാപനത്തിലെ ദിനചര്യയെപ്പറ്റി പറയാം. കാലത്തു ആറുമണിക്കു നമ്മുടെ പള്ളീകളിലുള്ളതുപോലെ ഒരു വലിയ മണി അടിക്കുമ്പോൾ എല്ലാവരും ഉണരുന്നു. ഉടനെ രോഗികൾ ഓരോരുത്തരും അവരവരെ ഏല്പിച്ചിട്ടുള്ള തെർമോമീറർ എന്ന യന്ത്രംവെച്ചു അവരവർക്കു എത്ര ഡിഗ്രി പനിയുണ്ടെന്നു പരിശോധിച്ചു അവരുടെ കിടക്കയ്ക്കടുത്തുവെച്ചിട്ടുള്ള പുസ്തകത്തിൽ കുറിക്കുന്നു. അതുകഴിഞ്ഞു ഓരോരുത്തരും ഈരണ്ടു പച്ചമുട്ട സേവിക്കുന്നു. പിന്നീട് ഡോക്ടർമാർ വിധിച്ചിട്ടുള്ള വിധം ഓരോരുത്തരും അടുത്തോ അകലയോ നടക്കാൻ പോകുന്നു. എട്ടുമണിക്കു മുമ്പായി മടങ്ങിവന്നു എല്ലാവരും പഞ്ഞപ്പുല്ലിന്റെ കഞ്ഞികുടിക്കുന്നു. അനന്തരം എല്ലാവരും കിടന്നു സൈരസല്ലാപം ചെയ്തും പത്രംവായിച്ചും വിശ്രമിക്കുന്നു. ൯ മണിക്കു വീണ്ടും അവരവർതന്നെ തെർമോമീറർവെച്ചു എത്ര ഡിഗ്രി പനിയുണ്ടെന്നുനോക്കി വിവരം കുറിക്കുന്നു. ഫ്ല മണിക്കു മാംസം, പച്ചക്കറി മുതലായ പല വിഭവങ്ങളോടുകൂടി പൂട്ടിയായി ഊണുകഴിക്കുന്നു. ഫ്ല മണിക്കു വീണ്ടും പനി പരിശോധിക്കുന്നു. ഫ മുതൽ ന വരെ പരിപൂർണ്ണമായ നിശ്ശബ്ദമായിരിക്കും. ആ സമയത്തു എല്ലാവരും അവരവരുടെ കട്ടിലിൽകിടന്നു ഉറങ്ങണമെന്നാണ്

പുതിയ നിയമം ശ്രീയേശുവും അവരുടെ ശിഷ്യന്മാരും എഴുതിയതാണ്.

നിശ്ചയം. ഉണർന്നുകഴിയുമ്പോൾ എല്ലാവരും കുറെ പാൽകുടിക്കുകയും വീണ്ടും മുൻപറഞ്ഞ പ്രകാരം പനി പരിശോധിക്കയും ചെയ്യുന്നു. ൯½ മണിക്കു അത്താഴം കഴിച്ചു ൫ മണിക്കു നടക്കാൻ പോകുന്നു. ൬ മണിക്കു മടങ്ങിവന്നു പനി നോക്കും. ൭½ മണിക്കു ലഘുഭക്ഷണം. ൮ മണി മുതൽ പ്രാർത്ഥനക്കായി നിശ്ചയിച്ചിട്ടുള്ള സമയമാണു്. ഓരോരുത്തർ അവരുടെ മതം അനുസരിച്ചു ജപങ്ങൾ ചൊല്ലുക, ഗീതങ്ങൾ പാടുക മുതലായതു കഴിച്ചു ൯ മണിക്കു ഉറങ്ങുന്നു. ഓരോ കൃത്യങ്ങളും ചെയ്യേണ്ടസമയം അറിയിക്കുന്നതിനു മണി അടിച്ചുകൊണ്ടിരിക്കും. സ്ത്രീകൾക്കും പുരുഷന്മാർക്കും ആയാസത്തിനുപോലും സ്ഥലം തിരിച്ചിട്ടുണ്ടു്. പൊതു വാർഡുകളിലും പ്രത്യേകവാർഡുകളിലും കൂടി ഇന്ത്യയുടെ നാനാഭാഗങ്ങളിൽ നിന്നും നാനാജാതിക്കാരും മതക്കാരുമായി അവിടെ നൂറിൽപരം രോഗികളുണ്ടു. അവരിൽ ഒട്ടുമിക്കപേരും നല്ല പഠിപ്പും മനഃപരിഷ്കാരവും ചെന്നിട്ടുള്ളവരാണു്. സർവ്വകലാശാലബിരുദധാരികളും അവരുടെ കൂട്ടത്തിൽ കുറവല്ല. രോഗങ്ങളുടെ ഭയങ്കരതയാലും വേദനയുടെ കാഠിന്യത്താലും മറ്റും സാധാരണ ആസ്പത്രികളിൽ കാണാറുള്ള അസുഖമൊ വിലാപമൊ ഒന്നും അവിടെയില്ല. നേരെമറിച്ചു സന്തുഷ്ടിയും പ്രസന്നതയുമാണു് അവിടെ എങ്ങും വ്യാപിച്ചുകാണുന്നതു്. ഹർമ്മോണിയം ഗ്രാമഫോൺ മുതലായ സംഗീതോപകരണങ്ങൾ അവയുടെ കർണ്ണാനന്ദകരമായ സ്വരങ്ങളെ നാലുപാടും പുറപ്പെടുവിച്ചു എല്ലാവരേയും ഉന്മേഷചിത്തരാക്കിത്തീർക്കുന്നു. തന്നിമിത്തം അവർ ഓരോരുത്തരും ഭയങ്കരമായ ക്ഷയരോഗത്താൽ ബാധിക്കപ്പെട്ടവരാണെങ്കിലും ആ ഭയങ്കരതയുടെ ബോധം തീരെമറന്നു അവിടെ ഉല്ലാസത്തിനും വിശ്രമത്തിനുംപോയി താമസിക്കുകയാണെന്നു തോന്നിപ്പോകും.

ഓരോ രോഗിയേയും ഡോക്ടർമാർ ദിനംപ്രതി രണ്ടുപ്രാവശ്യം സന്ദർശിക്കുന്നുണ്ടു്. മാസത്തിൽ ഒരിക്കൽ അവരുടെ ആരോഗ്യസ്ഥിതി പൂർണ്ണമായി പരിശോധിക്കുന്നു. ക്ഷയരോഗം പകരുന്ന ഒന്നാണെന്നും, ആ പകർച്ചയുണ്ടാകുന്നതു രോഗിയുടെ തുപ്പലിൽ ഉള്ള അണുക്കൾവഴിയായിട്ടാണെന്നും പ്രസിദ്ധമാണല്ലൊ. അതിനാൽ രോഗികൾ അവിടവിടെ തുപ്പാതിരിപ്പാൻ പ്രത്യേക നിഷ്കർഷയുണ്ടു്. തുപ്പുന്നതിനു പ്രത്യേക പാത്രങ്ങൾ ഉണ്ടാക്കി ഓരോരോഗിയുടെ അടുത്തും രോഗികൾ ചെല്ലാറുള്ള വായനശാല, പരിശോധനമുറി, ആപ്പീസ്മുറി മുതലായ എല്ലാസ്ഥലങ്ങളിലും വെച്ചിട്ടുണ്ടു്. ആ പാത്രം തുപ്പിക്കഴിഞ്ഞാൽ താനെ അടയത്തക്ക

ആ വസ്തുത ചരിത്രലക്ഷ്യങ്ങൾ കൊണ്ടു തെളിയുന്നു.

വണ്ണം സ്പ്രിങ്ങുവെച്ചിട്ടുള്ളതാണ്. ഈ പാത്രങ്ങൾ ദിവസേന എടുത്തു അതിലുള്ള തുപ്പൽ പ്രത്യേകസ്ഥലത്തു ഒഴിച്ചു ദ്രാവകങ്ങൾകൊണ്ടു ദഹിപ്പിച്ചു കളയുന്നു. ഇക്കാര്യത്തിൽ ചെയ്യുന്ന ഈ സൂക്ഷ്മംകാരണമാണ് ഇത്രവളരെ ക്ഷയരോഗികൾ അവിടെ ഒരുമിച്ചു താമസിക്കുന്നുണ്ടെങ്കിലും പകച്ചുയില്ലാതെ ഇരിക്കുന്നതു.

രോഗികളുടെ കൂട്ടത്തിൽ മലയാളത്തുനിന്നും മറ്റു പല സ്ഥലങ്ങളിൽനിന്നും ധാരാളം കത്തോലിക്കരുമുണ്ട്. ഇക്കഴിഞ്ഞ ക്രിസ്തുമസ്സിനു തലേചൊവ്വാഴ്ച ഒരു കത്തോലിക്കാവൈദികൻ (ഒരു യൂറോപ്യൻ മിഷ്യനറി) ഇവരെ സന്ദർശിക്കുന്നതിനും ഇവർക്കു ആത്മീയശുശ്രൂഷകൾ നൽകുന്നതിനുമായി അവിടെ വരികയുണ്ടായി. ചൊവ്വാഴ്ച ഉച്ചതിരിഞ്ഞു മൂന്നുമണിക്കുവന്ന വാർഡുകൾതോറും ചെന്നു അവരെ കുമ്പസാരിപ്പിച്ചു. രാത്രി സ്ഥാപനംവകയായുള്ള അതിഥി മന്ദിരത്തിൽ താമസിച്ചു. പിറ്റെ ദിവസം കാലത്തു വായനശാലയാളിൽ കുർബാനചൊല്ലി. നടക്കാൻ അനുവാദമുള്ള രോഗികളും അവരെ ശുശ്രൂഷിക്കുന്നതിന്നായിവന്ന അവർ ഒന്നിച്ചു താമസിക്കുന്ന മറ്റു കത്തോലിക്കരും കുർബാനകാണുകയും കുർബാന ഉൾക്കൊള്ളുകയും ചെയ്തു. നടക്കാൻ അനുവാദമില്ലാത്ത രോഗികൾക്കെല്ലാം അവർ കിടക്കുന്ന സ്ഥലത്തുചെന്നു കുർബാന കൊടുത്തു. കുർബാന കഴിഞ്ഞു അദ്ദേഹം രോഗികളെ എല്ലാം ഒന്നുകൂടി സന്ദർശിച്ചു അവരുടെ ആരോഗ്യസ്ഥിതിയെപ്പറ്റിയും മറ്റും അന്വേഷിച്ചും അവക്കു വേണ്ട ഉപദേശങ്ങൾകൊടുത്തും ആശ്വസിപ്പിച്ചശേഷം ഉച്ചയോടുകൂടി മടങ്ങിപ്പോയി. ഇദ്ദേഹത്തിന്റെ സ്ഥിരതാമസം മദനപ്പള്ളിയിൽനിന്നു ൯൫ മൈൽ അകലെ കാട്ട്പാടി എന്ന സ്ഥലത്താണ്. അനേകനാഴികമുറാളവിൽ ചിതറിക്കിടക്കുന്ന ഒട്ടുവളരെ ഗ്രാമങ്ങളിലെ കത്തോലിക്കരുടെ ആത്മീയപരിപാലനം ഏറ്റിരിക്കുന്ന ആളാകകൊണ്ടു മാസത്തിൽ ഒരിക്കൽ മാത്രമെ ആരോഗ്യവാരത്തിൽ വരുന്നതിനു അദ്ദേഹത്തിനു സാധിക്കുന്നുള്ളൂ. ആ നാടുകളിൽ പട്ടക്കാർ വളരെ കുറവാണെന്നും നമ്മുടെ നാടുകളിൽ ധാരാളം ഉണ്ടല്ലൊ എന്നും ഇവിടെ നിന്നു ചിലർ ആ ദിക്കുകളിൽപോയി വേലചെയ്യാത്തതിൽ തനിക്കു വളരെ ആശ്ചര്യമുണ്ടെന്നും അദ്ദേഹം സംസാരമദ്ധ്യേ പ്രസ്താവിക്കുകയുണ്ടായി.

ഈ സ്ഥാപനം ഏറ്റവും പരോപകാരപ്രദമായ ഒന്നാണെന്നു സംശയമില്ലല്ലൊ. ക്ഷയരോഗം പിടിപെട്ടാൽ ഉടനെ അവിടെചെന്നു താമസിക്കുന്നപക്ഷം മൂന്നുനാലു മാസത്തിനുള്ളിൽ സുഖമായി മടങ്ങാമെ

പുതിയനിയമം മുതലായപ്പോരിതരപുള്ള ഗ്രന്ഥങ്ങളാണ്.

ന്നാണ് അനുഭവംകൊണ്ടു തെളിഞ്ഞിട്ടുള്ളത്. രോഗം കുറെ വർദ്ധിച്ച ശേഷം ചെല്ലുന്നതായാൽ അധികനാൾ താമസിക്കേണ്ടിവരും. എന്നാൽ രോഗം വല്ലാതെ അധികരിച്ചിട്ടാണ് ചെല്ലുന്നതെങ്കിൽ സുഖപ്പെടുന്നകാര്യം സംശയമാണ്. ഏതായാലും ക്ഷയരോഗം പിടിപെട്ടിട്ടുള്ളവർ നാട്ടിൽകിടന്നു കണ്ടമാനം ചികിത്സനടത്തി പണം ചിലവുചെയ്തു കഷ്ടപ്പെടുകയും മരണാപകടത്തിൽ ഉൾപ്പെടുകയും ചെയ്യാതെ നിവൃത്തിയുള്ളു. പക്ഷേ രോഗാരംഭത്തിൽതന്നെ ഈ സ്ഥാപനത്തിൽ ചെന്നുചേരുന്നതു വിചാരവും ബുദ്ധിപൂർവ്വമായിരിക്കും. മദനപ്പള്ളി മദിരാശിക്കടുത്തായതുകൊണ്ടു കേരളത്തിൽനിന്നു അവിടേക്കുള്ള വിചാരവും മുടങ്ങിയ യാത്രച്ചിലവു ഒരാൾക്കു പത്തുപതിനഞ്ചു രൂപയിൽകുറയാതെ വരും. ടി. സ്ഥാപനത്തിൽ പൊതുവാർഡിൽ ചേരുന്നവർക്കു പ്രതിമാസം അവിടെ കെട്ടേണ്ട രൂപയിക ഫീസ് പേര പുറം ചിലവുകളും ഉൾപ്പടെ വരികയോളം വേണ്ടിവരും. സ്പെഷ്യൽ വാർഡ് പലതരത്തിൽ ഉള്ളതിൽ അതാതിന്റെ ഭേദം അനുസരിച്ചു 60 മുതൽ 150 രൂപ വരെയാണ് അവിടെ കൊടുക്കേണ്ട ഫീസ്. അതിനുപുറമെ ഭക്ഷണത്തിനും മറ്റും അവരവർതന്നെ ചിലവു ചെയ്യേണ്ടിവരും.

വിദഗ്ധന്മാരായ ഡോക്ടർമാരുടെ അഭിപ്രായപ്രകാരം ക്ഷയരോഗം പിടിപെടാനുള്ള പ്രധാന കാരണങ്ങൾ ശരിയായ ആഹാരമില്ലായ്ക, വ്യായാമക്കുറവു, അതിവ്യായാമം, അരിയായ മനക്ലേശം, നെഞ്ചിടിപ്പോകത്തക്ക വസ്തുഭാരണം മുതലായവയാണ്. ഈ കാരണങ്ങളെല്ലാം ഒഴിച്ചുവെച്ചു തങ്ങളുടെ പരിപാലനയിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന ബാലികാബാലന്മാരെ ഈ ഭയങ്കരമായ രോഗത്തിന്റെ ആക്രമണത്തിൽനിന്നു രക്ഷിക്കാൻ മാതാപിതാക്കന്മാരും അദ്ധ്യാപകാദ്ധ്യാപികമാരും മറ്റും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രോഗികളെ മദനപ്പള്ളിക്കു കൊണ്ടുപോകാൻ ഉദ്ദേശിക്കുന്നവർ ആ വിവരം മുൻകൂട്ടി അവിടെ എഴുതി അറിയിക്കണം. അപ്പോൾ അതുസംബന്ധിച്ചു ചെയ്യേണ്ടതെന്തെല്ലാമെന്നു കാണിച്ചു അവരുടെ മറുപടിയും അനുവാദവും കിട്ടും. അതിനുശേഷമേ പുറപ്പെടാവൂ.

എഴുതേണ്ട മേൽവിലാസം:—

The Superintendent, Sanatorium,
Arogyavaram, Chitoor District

ആ വസ്തുത വെളിപ്പാടു കൊണ്ടാണ് അറിയുന്നതു.

താതോപദേശ മഞ്ജരി.

(ശ്രീമാൻ ഒക. ടി. ലോനപ്പൻ)

നിർമ്മലമായോരു ജീവിതം സാധിപ്പാ-
നെന്മകനേ! യല്പമോതിടാം ഞാൻ:—
ഭൂമിയിലാമയം ക്ലേടാതെ ജീവിപ്പാ-
നോമനേ! നിയിതു കേട്ടുകൊൾക.
മോക്ഷസാമ്രാജ്യമായെന്നുപദേശംനീ-
യാക്ഷേപക്ലേടാതനുവർത്തിക്ക. (ൽ
രംശവനുണ്ടെന്നുള്ളോർമ്മനീചിത്തത്തി
ശാശ്വതമായുറപ്പിച്ചീടുക.
എന്നും നീയീശ്വരാരാധനചെയ്യുക,
നന്ദിപ്രസാദങ്ങളുറപ്പിക്കുക.
സ്വർഗ്ഗസ്ഥതാതന്റെ മേനകളെപ്പോഴും
നിർത്തിക്കുട്ടെന്നിൻ നാവിൽനിന്നും
രംശവൻ മർത്ത്യരെയെത്രയധോട്ടും,
വാത്സല്യത്തോടും മുത്സാഹത്തോടും, (നി-
രക്ഷിച്ചുപോരുന്നനോർത്തുള്ളേഹത്തിൽ
ന്നക്ഷികളെപ്പോഴും ചേർത്തുകൊൾക.
കന്മഷക്കാറിനാൽ മാനസാകാശത്തിൻ
വെണ്മകുറയാതെ സൂക്ഷിക്കുക.
അന്തഃകരണമനുവർത്തിയായ് ജീവിപ്പാൻ
സന്തതംപാടുപോൽ യത്നിക്കുക. (ൽ
നീനിന്നെഞ്ജിഹ്വയെമൃഷാഭാഷണപ്പോ
സൂക്ഷിച്ചുപയോഗിക്കേണമെന്നും
സത്യവാക്കല്ലാതെയുച്ചരിക്കോല്ലാനീ,
നിത്യവും ശാന്തനായ് ജീവിക്കുക.
പാപമാർഗ്ഗങ്ങളിൽനിന്നു നയനത്തെ
വേഗംതിരിക്കുവാനുത്സാഹിക്ക
നീനിന്നെസ്നേഹിക്കുംപോലെസമസ്തരു-
മാരേയും സ്നേഹിക്കുതക്കംവിനാ.
സ്നേഹത്തിന്നായിനീയാഹരിച്ചെയ്യേണം
ദേഹത്തെയപ്പോഴുമെന്നുകനേ!
സ്നേഹിതന്മാരെനീപാരം വിവേചിച്ചു
സ്വീകരിച്ചീടേണമെല്ലായ്പോഴും.
ദാരിദ്ര്യപീഡയാൽ വാടുജനങ്ങളെ
കാരുണ്യവായ്പോടെ നോക്കീടുക
നീയെന്നുമേറെപ്പരശ്രമാക്കാശ്വാസം
നൽകുവാനായികൊണ്ടുത്സാഹിക്ക.
അന്യന്മാർക്കുണ്ടാകും ശ്രേയസ്സിലാഹ്ലാദം
നന്നായ് നീയെപ്പോഴും സന്തോഷിക്ക.
മറ്റുള്ളവരുടെ വിദ്വേഷകൃത്യങ്ങൾ
മറ്റുംക്ഷമിക്കുക തൃപ്തിയോടെ.
നിൻനടപ്പുടുപ്പും ക്രമമായും,
നിർമ്മലമായും, വിനീതമായും (ങ്ങൾ
സൂക്ഷിച്ചീടേണം, നീ സൂക്ഷ്മമായ് കായ്യ
വീക്ഷിപ്പാനഭ്യസിക്കേണമെന്നും!
ഏവമനുവർത്തിച്ചീടുകിലീശ്വര-
നാവോളംനന്മകൾ വർഷിച്ചീടും,
എന്നോർത്തുസ്വർഗ്ഗസ്ഥതാതന്റെ പാദാര
വിന്ദങ്ങൾ ചെന്നുനീ ചുംബിക്കുക.

ഹങ്കേരിരാജ്യത്തിൽ സക്കാർ അംഗീകരണമുള്ള സകല പ്രമാണങ്ങളിലും ദേവമാതാവിന്റെ ചരിത്രം മുതൽ ആചരിച്ചുപോരുന്ന ഒരു പതിവാണ്. അപ്രകാരംതന്നെ ദേവമാതാവിന്റെയും, ഒരു കാലത്തു ആ രാജ്യം ഭരിച്ചിരുന്ന സ്റ്റിഫൻ രാജാവിന്റെയും ചരിത്രകർ ബാങ്കുനോട്ടുകളിന്മേലും പതിക്കുക പതിവായിരുന്നു. എന്നാൽ അതുകൾ മാറ്റി ജാതീയ മഹാന്മാരുടെ ചരിത്രകർ പതിക്കണമെന്നു ഇപ്പോൾ ഗവർമെന്റു ഉത്തരവായിരിക്കുന്നു. ഇതിൽ കുത്തോലിക്കർക്കു അതിയായ ദുഃഖമുണ്ട്.

ദൈവത്തിന്റെ പ്രേരണയിലും മേൽനോട്ടത്തിലും ഒരുവൻ എഴുതുന്നു.

ലെപ്പിസിയേ കർദിനാൾ

താർസൂസിലെ മെത്രാപ്പോലീത്തായായ മഹാ വന്ദ്യ ഭിവ്യശ്രീ അലെക്സ്സിസ് ഹെൻറി എം. ലെപ്പിസിയേ ഒ. എസ്. എം., ഡി. ഡി. അവർകളെ കർദിനാൾ സ്ഥാനത്തേക്കുയത്തിയിരിക്കുന്നവെന്നുള്ള വർത്തമാനം ഇന്ത്യയിലുള്ള കത്തോലിക്കർക്കെല്ലാം വളരെ സന്തോഷപ്രദമായിരിക്കുമല്ലൊ. അവിടന്ന് അസാമാന്യ പാണ്ഡിത്യമുള്ള ഒരു മഹാനാണ്. വിസിറർ അപ്പോസ്തോലിക്ക എന്ന നിലയിൽ ഇന്ത്യയിൽ താമസിച്ചുണ്ടായിരുന്നപ്പോൾതന്നെ അവിടത്തെ വിശിഷ്ട ഗുണങ്ങളിൽ പലതും ഇന്ത്യക്കാർക്ക് സംബന്ധമായിട്ടുള്ളതുമാണ്. അടുത്തു സംസാരിച്ചിട്ടുള്ളവരെല്ലാം അദ്ദേഹത്തിന്റെ ആഴമായ പാണ്ഡിത്യം, പെരുമാറ്റത്തിലുള്ള ആകർഷണകരമായ മര്യാദ, ആഡംബരമില്ലാത്ത ജീവിതരീതി എന്നിവ കണ്ട് വിസ്മയിച്ചുപോയിട്ടുണ്ട്. അദ്ദേഹം മെനീടത്തെല്ലാം ഉണ്ടായ ഉത്സാഹപൂർണ്ണമായ സ്വാഗതാശംസകളുടെ ബഹളങ്ങൾതന്നെ ജനങ്ങൾക്ക് അദ്ദേഹത്തോടുള്ള അതിരറ്റ പ്രീതിയെ സവിശേഷം വെളിപ്പെടുത്തിയിരുന്നു. എറണാകുളം മെത്രാപ്പോലീത്തച്ചനെ പാല്യവസ്ത്രം ധരിപ്പിക്കുന്നതിനു വന്ന അവസരത്തിൽ തിരുമേനിയെ എതിരേറ്റത് എത്ര ആഹ്ലാദപൂർവ്വമാണെന്ന് പ്രത്യേകം പറയണമെന്നില്ലല്ലൊ.

മൊൺസിഞ്ഞോർ ലെപ്പിസിയേ ഫ്രഞ്ചുനാട്ടിൽ പ്രാൻസിൽ ലോറേൻസംസ്ഥാനത്തിൽ വാക്ക്ലേർ എന്നസ്ഥലത്തു ജനിച്ചു. പതിനാറാം വയസ്സിൽ ലണ്ടനിലെ "സെർവൈറ്റ്" സന്ന്യാസാശ്രമത്തിൽ പ്രവേശിച്ച് വൈദികപഠനം തുടങ്ങി. ലണ്ടനിലെ താമസത്തിൽ ഇംഗ്ലീഷ് ഭാഷയുടെ ഒരു പൂർണ്ണമായ അറിവ് അവിടന്ന് സമ്പാദിച്ചു. പട്ടം സ്വീകരിക്കുന്നതിനു മുമ്പ് കുറച്ചുകാലം പാരീസിലെ "സെൻറ് സൽപ്പീസ്" സെമിനാരിയിലും അദ്ധ്യയനം ചെയ്തിട്ടുണ്ട്.

പട്ടമേറ്റശേഷം ഉയർന്ന പഠനങ്ങൾക്കായി അദ്ദേഹം റോമായിൽ പ്രൊപ്പഗാന്ത കോളേജിലേക്കയക്കപ്പെടുകയും അവിടെവച്ച് 'ഡാക്ടർ' ബിരുദ സമ്പാദിക്കയുംചെയ്തു. ഇദ്ദേഹത്തിൽ ദൈവഭക്തിയും ബുദ്ധിശക്തിയും രണ്ടും അസാമാന്യമായി ഉണ്ടായിരുന്നുവെന്ന് ഗുരുനാഥൻമാർ സിഞ്ഞോർ സത്തോള്ളി പറഞ്ഞിട്ടുണ്ട്. ഈ ദേഹം ഫ്രഞ്ചുനാട്ടിൽ അമേരിക്കയിൽ ഐന്ത്യനാട്ടുകളിലെ ഡെലിഗേറ്റ് അപ്പോസ്തോലിക്കയായിനിയമിക്കപ്പെട്ടപ്പോൾ "തന്റെ ഉത്തമശിഷ്യനായ" ലെപ്പിസിയെ തനിക്കു

അതിനെ ദൈവപ്രേരിതമുള്ള ഗ്രന്ഥമെന്നുപറയും.

പകരം പ്രൊഫസർ സ്ഥാനത്തിൽ നിയമിക്കേണമെന്നു് അവിടന്നു് ശിപാർശ്ചെയ്തു. അതനുസരിച്ചു്, തന്റെ സഭയിലെ സന്ന്യാസാത്ഥികളുടെ ഭരണഭാരം ഏല്ക്കുന്നതിലേയ്ക്കായി രണ്ടു കൊല്ലംമുമ്പു ഇംഗ്ലണ്ടിലേയ്ക്കു് പോയിരുന്ന ഫാദർ ലെപ്പീസിയെ റോമയിലേയ്ക്കു് വിളിക്കപ്പെട്ടു. അവിടന്നു് പ്രൊപ്പഗാന്ത കോളേജിൽ ഫ്രഞ്ചു കൊല്ലം ദൈവശാസ്ത്രം പഠിപ്പിച്ചു. ഇക്കാലത്തിനിടയിൽ പലേ തിരുസംഘങ്ങളിലെ ആലോചനക്കാരനായും ജോലിനോക്കിയിരുന്നു. ഈ ജോലി നിർവഹണത്തിൽ പ്രകാശിച്ച അദ്ദേഹത്തിന്റെ ബുദ്ധിവൈഭവവും പഠിപ്പും നിമിത്തം അവിടുന്നു് സകല ജനങ്ങളുടെയും ബഹുമാനത്തിനു് പാത്രമായി. ഫ്രഞ്ചു പിയൂസ് മാപ്പാപ്പായ്ക്കു് അദ്ദേഹത്തെ വളരെ വിശ്വാസമായിരുന്നു. അതിനാൽ ചില പ്രത്യേക കാര്യങ്ങൾ നടത്തുന്നതിനു് അവിടുന്നു് അദ്ദേഹത്തെ ഇംഗ്ലണ്ടിലേയ്ക്കും സ്കോട്ട്ലണ്ടിലേയ്ക്കും അയച്ചു. ഫ്രൻസു-ൽ അദ്ദേഹം തന്റെ സന്ന്യാസ സഭയുടെ സുപ്പീരിയർ ജനറാളായി തിരഞ്ഞെടുക്കപ്പെട്ടു. ഫ്രൻച്ചു വരെ ആ ജോലി അദ്ദേഹം ഭംഗിയായി നിർവഹിച്ചു. അക്കാലത്തിനിടയിൽ പലപ്പോഴും അദ്ദേഹത്തിനു് യൂറോപ്പിലും അമേരിക്കയിലും സഞ്ചരിക്കേണ്ടിവന്നു. യൂണൈറ്റഡ് സ്റ്റേറ്റ്സിലും കാനഡായിലുമുള്ള തന്റെ സഭയിൽപെട്ട സന്ന്യാസികളെ കാണ്മാനായി അദ്ദേഹം കഴിഞ്ഞ ലോകമഹായുദ്ധത്തിനിടയിൽ, സബ്മറൈൻ കപ്പലുകൾ സമുദ്രമാകെ ആക്രമണം നടത്തിയ കാലഘട്ടത്തിൽ, രണ്ടു പ്രാവശ്യം അത്ലാന്തിക് മഹാ സമുദ്രം കടന്നു. അനന്തരം ഇന്ത്യയുടെ വിസിറ്റർ അപ്പോസ്തോലിക്കയായി നിയമിക്കപ്പെട്ടതുവരെ, ആംഗ്ലിക്കൻ സഭയിൽ നിന്നു് മനസ്സുതിരിഞ്ഞു കത്തോലിക്കരായി തീരുപ്പട്ടത്തിനു പഠിക്കുന്ന അധികം ആളുകളുള്ള റോമയിലെ വിശ്രുത ബെദെയുടെ കോളേജിൽ ദൈവശാസ്ത്ര പണ്ഡിതനായിരുന്നു.

ഫ്രൻച്ച മേയി ച്ച-ാംനു-യാണു് ഇദ്ദേഹം ഇന്ത്യയുടെ വിസിറ്റർ അപ്പോസ്തോലിക്കയായി നിയമിതനായതു്. ഒരു ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ താർസൂസിലെ മെത്രാപ്പോലീത്തായായി വാൻറോസം കർദ്ദിനാൾ അഭിഷേകംചെയ്തു. ആയവസരത്തിൽ ഇന്ത്യയിലെ പഴയ ദലകാദ് മോൺസിഞ്ഞോർ സലേസ്സിയും അതുപോലെയുള്ള മറനേകം മഹാന്മാരും സംബന്ധിച്ചു. തന്നെ ഏല്പിക്കപ്പെട്ട വിഷമമായ വിസിറ്റർജോലി നടത്തുന്നതിനു് അദ്ദേഹം പ്രത്യേക സാമർത്ഥ്യമുള്ളവനായിരുന്നു. എന്തെന്നാൽ, ശ്രുതസൂനഹദോസുകളുടെ പരിഷ്കരണത്തിനായി

ദൈവത്തിന്റെ പ്രേരണയും മേൽനോട്ടവും പുറമെ വെളിപ്പെടുന്നില്ല.

ഏർപ്പെടുത്തപ്പെട്ട പേപ്പൽ കമ്മീഷനിൽ ചേർന്നു കൊല്ലത്തോളം അദ്ദേഹം ജോലിചെയ്തുയും, അക്കാലത്തു ഇന്ത്യയിലെ സുനഹദോസുകളുടെ പ്രത്യേക ഭാരം അദ്ദേഹം വഹിക്കയും ചെയ്തിരുന്നു. 1598 ഒക്ടോബർ 26-ാംനു അവിടുന്നു് ബോംബേയിൽ എത്തി. നവമ്പർ 15-ാംനു വൈകുന്നേരമാണു് എറണാകുളത്തു എഴുന്നള്ളിയതു്. ഇന്ത്യയിലേയും സിലോണിലേയും പല ശ്രുതകളേയും സന്ദർശിക്കയും അതുസംബന്ധിച്ചു അനേകം കൃത്യം നിർവഹിക്കയും ചെയ്തശേഷം അവിടുന്നു് 1599 ഫെബ്രുവരി 16-ാംനു യൂറോപ്പിലേയ്ക്കു മടങ്ങി. കഴിഞ്ഞ ഏപ്രിൽമാസത്തിൽ അദ്ദേഹം അബ്സീനിയാ രാജ്യത്തിലേയ്ക്കു് വിസിറ്റർ അപ്പോസ്തോലിക്കയായി അയക്കപ്പെട്ടു. ആ ജോലിയും എത്രയും ഭംഗിയായി നിർവഹിച്ചു.

കർദിനാൾ ലെപ്പീസിയെ വലിയ ഒരു ദൈവശാസ്ത്രജ്ഞനും ഭാഷാശാസ്ത്രജ്ഞനുമെന്നു് പ്രസിദ്ധി നേടിയിട്ടുള്ള ദേഹമാണു്. ഒരിക്കലും ഒഴിവില്ലാത്ത ജോലികൾക്കിടയിൽ അദ്ദേഹം പ്രശസ്തങ്ങളായ അനേകം ദൈവശാസ്ത്ര പുസ്തകങ്ങളും ഭക്തിഗ്രന്ഥത്തെ പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ടു്. അവയിൽ ചിലതു ഇംഗ്ലിഷ്, ഫ്രഞ്ച്, ജർമൻ, ഡച്ച്, ഇത്താല്യൻ ഈ ഭാഷകളിൽ തർജിമ ചെയ്യപ്പെട്ടിട്ടുമുണ്ടു്.

നാലു സുവിശേഷങ്ങളേയും കൂട്ടിയിണക്കി "Diatessaron" എന്ന പേരിൽ അദ്ദേഹം എഴുതിയിട്ടുള്ള ഒരു പുസ്തകമാണു് എല്ലാ കൃതികളിലും പ്രധാനമായുള്ളതു്. ആ കൃതിയിൽ കർത്താവിന്റെ ജീവചരിത്രസംഭവങ്ങളെ വഴിക്കുവഴി വിവരിക്കയും അവിടത്തെ ഉപദേശങ്ങൾക്കു യഥാവസരം വ്യാഖ്യാനം നൽകുകയും ചെയ്തിട്ടുണ്ടു്. ഏറെ കൊല്ലത്തെ ശ്രമംകൊണ്ടാണു് ഈ കൃതി മുഴുപ്പിക്കാൻ അദ്ദേഹത്തിനു സംഗതിവന്നതു്.

ഏതാനും മാസംമുമ്പു കർദിനാൾ ബിയോ ആ മഹൽസ്ഥാനം രാജിവക്കയുണ്ടായല്ലൊ. മഹാപണ്ഡിതനായിരുന്ന അദ്ദേഹത്തിനു റോമൻ തിരുസംഘങ്ങളിൽ ഉണ്ടായിരുന്ന സ്ഥാനമാണു് ഇപ്പോൾ കർദിനാൾ ലെപ്പീസിയേയ്ക്കു ലഭിച്ചിരിക്കുന്നതു്.

'കഥാചന്ദ്രിക' ഇരുപതുസരത്തിൽ തിരുമേനിയെ ഹാർദ്ദമായി അനുമോദിക്കയും അവിടുന്നു ദീർഘകാലം ജീവിച്ചു തിരുസഭയ്ക്കു ഒരു താങ്ങായിരിക്കാൻ സംഗതി വരുത്തണമെന്നു ദൈവത്തെ പ്രാർത്ഥിക്കയും ചെയ്യുന്നു. രണ്ടുകൊല്ലംമുമ്പു തിരുമേനി ചന്ദ്രികയെ ആശീർവ്വദിച്ചു സ്വയം അയച്ചുതന്ന കത്തു കൃതജ്ഞതാപൂർവ്വം മുമ്പടെ ചേർത്തുകൊള്ളുന്നു.

അതിനാൽ അതു പുറമെയുള്ള ലക്ഷ്യങ്ങളാൽ അറിഞ്ഞുകൂടാ.

No. 281

അപ്പസ്തോലിക്ക് ഡെലിഗേഷൻ.
ബങ്കളൂർ, 1926 ജനുവരി 30-ാംനു.

പ്രിയ പെ. ബ. അച്ചാ,

ബാലികാബാലന്മാരുടെ ജ്ഞാനാഭിവൃദ്ധിക്കുവേണ്ടി അച്ചൻ ഒരു മാസിക മലയാളഭാഷയിൽ പ്രസിദ്ധീകരിച്ചു തുടങ്ങീട്ടുണ്ടെന്നു് അറിയുന്നതിൽ നമുക്കു വളരെ സന്തോഷമുണ്ടു്. ഇഹത്തിൽ ദൈവത്തിന്റെ അത്ഭുതകരമായ പരിപാലനയേയും, രക്ഷാകരമാംവിധം ജീവിതയജ്ഞം നടത്തി ദൈവഭക്തരും പരിശുദ്ധരുമായിത്തിന്ന നമ്മുടെ മുൻഗാമികളുടെ അനുകരണീയങ്ങളായ പ്രവൃത്തികളെയും വായനക്കാരെ ഗ്രഹിപ്പിക്കുവാനും, അതുവഴി അവർക്കു വിജ്ഞാനവെളിച്ചം നൽകുവാനും ഉപകരിക്കത്തക്ക നല്ല മതപരമായ സാഹിത്യത്തെ പ്രചരിപ്പിക്കാനാണല്ലൊ ഈ പ്രസിദ്ധീകരണംകൊണ്ടു അച്ചൻ ഉദ്ദേശിക്കുന്നതു്.

ഉൽകൃഷ്ടവും ഉപകാരപ്രദവുമായ ഈ ഉദ്യമത്തെ ധാരാളം അനുഗ്രഹിക്കേണമെന്നു നാം ഹൃദയപൂർവ്വം ദൈവത്തെ പ്രാർത്ഥിക്കുന്നു. നിങ്ങളുടെ അതിവന്ദ്യ മെത്രാപ്പോലീത്തായുടെ ഉപദേശമനുസരിച്ചും അദ്ദേഹത്തിന്റെ പൂർണ്ണമായ അനുമതിയോടുകൂടിയുമാണു് അച്ചൻ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതെന്നു് അറിയുന്നതിനാൽ നാം കൂടുതൽ സന്തോഷത്തോടുകൂടിയാണു് ആ കൃത്യം നിർവ്വഹിക്കുന്നതു്.

പ്രിയ പെ. ബ. അച്ചാ,

പ്രസിദ്ധീകരണകർത്താക്കളുടെ സംരക്ഷകനായ ഫ്രാൻസീസ്സാലേസ് പുണ്യവാൻ അച്ചനെ ഈ ജോലിയിൽ സദാ സഹായിക്കുമാറാകട്ടെ; തൽഫലമായി മഹത്തരങ്ങളായ ആത്മീയ ഗുണങ്ങൾ അതിൽ നിന്നും വായനക്കാർക്കു സിദ്ധിക്കയും ചെയ്യട്ടെ.

എന്നു് വിശ്വസ്തൻ,
താർസൂസിന്റെ മെത്രാപ്പോലീത്തായും
ഇന്ത്യയുടെ വിസിറ്റർ അപ്പസ്തോലിക്കയുമായ
അലക്സിസ് ഹെൻറി എം. ലെപ്പിസിയെ. ഒ. എസ്സ്. എം.

ദൈവത്തിന്റെ ആഭ്യന്തരമായ പ്രവൃത്തി ദൈവംതന്നെ അറിയിച്ചതരണം.

ചെറുപുഷ്പചരിതം.

(പുഷ്പദാസ്.)

വിശുദ്ധ കൊച്ചുത്രേസ്യാമ്മയുടെ കുടുംബം.

ജനുവരിമാസം 2-ാംതീയതിയാണ് ചെറുപുഷ്പത്തിന്റെ ജന്മദിനം. അതിനാൽ ഇത്തവണ വിശുദ്ധയുടെ കുടുംബത്തേയും ശൈശവത്തേയും കുറിച്ച് അല്പം ചിന്തിക്കുന്നതു നല്ലതാണ്.


ഫ്രഞ്ചുകാരനായ ലൂയിസ് മാർട്ടിൻ, ഭക്തയായ സെലിഗ്വറിൻ എന്നീ ദമ്പതിമാരുടെ ഇളയ പുത്രിയായ വിശുദ്ധ കൊച്ചുത്രേസ്യാമ്മ ഫ്രാൻസിൽ അലങ്കോൺ എന്ന ദേശത്തു വച്ചു ജനുവരി 2-ാംതീയതി പിറന്നു. മാർട്ടിനും സെലിയും ചെറുപ്പത്തിൽ സന്ന്യാസ ജീവിതം സ്വീകരിപ്പാൻ ശ്രമം ചെയ്തതാണ്. എന്നാൽ അവർ ഭാര്യാഭർത്താക്കന്മാരാകണമെന്നായിരുന്നു ദൈവഹിതം. വിവാഹാവസരത്തിൽ അവർ ദൈവത്തോടു തീക്ഷ്ണമായി പ്രാർത്ഥിച്ചതു് അവർക്കു പല സന്താനങ്ങളെ നൽകേണമെന്നും അവരെല്ലാം സന്ന്യാസപദത്തെ സ്വീകരിപ്പാൻ ഇടവരുത്തേണമെന്നുമായിരുന്നു. ഈ പ്രാർത്ഥനയുടെ ഫലമായി അവർക്കു ഒമ്പതു മക്കൾ ഉണ്ടായി. അവരിൽ നാലുപേർ ശൈശവത്തിൽതന്നെ മരിച്ചു. ബാക്കി അഞ്ചുപേരും മഠത്തിൽ പ്രവേശിക്കയും ചെയ്തു.

മാർട്ടിനും സെലിയും യഥാർത്ഥക്രിസ്തീയമാതാപിതാക്കന്മാരുടെ ഉത്തമമാതൃകകളായിരുന്നു. ദിവസവും കാലത്തു അവർ പള്ളിയിൽപോയി കുർബ്ബാന കാണുകയും വിശുദ്ധ കുർബ്ബാനകൈക്കൊള്ളുകയും ചെയ്തിരുന്നു. ഞായറാഴ്ച, കടമുള്ള ദിവസങ്ങൾ, നോമ്പുകാലം, ഒരുനേരം ഇവയെല്ലാം വളരെ കണിശമായി അവർ ആചരിച്ചിരുന്നു. മാർട്ടിന്റെ വ്യാപാരശാല ഞായറാഴ്ചയും മറ്റു കടമുള്ള ദിവസങ്ങളിലും ഒരിക്കലും തുറന്നിരുന്നില്ല. ഇതുനിമിത്തം വലിയ നഷ്ടം നേരിടുമെന്നു അദ്ദേഹത്തിന്റെ ചില സ്നേഹിതന്മാർ അദ്ദേഹത്തോടു പറയുകയുണ്ടായി. എന്നിരുന്നാലും അദ്ദേഹം ദൈവകല്പനയെ തെല്ലും ലംഘിച്ചില്ല. തൽഫലമായി ദൈവം അദ്ദേഹത്തിന്റെ വ്യാപാരത്തെ ക്രമാതീതമായി അനുഗ്രഹിച്ചു.

അതിനാൽ ദൈവപ്രേരിതത്വം വെളിപ്പാടുകൊണ്ടേ അറിയാവൂ.

നല്ല സമ്പാദ്യം ഉണ്ടാകയാൽ ഇടക്കാലത്തു കച്ചവടം നിർത്തുവാൻ അദ്ദേഹത്തിനു സാധിക്കയും ചെയ്തു.

കൊച്ചുത്രേസ്യാമ്മയുടെ ഹൃദയത്തിൽ പുണ്യജീവിതത്തിന്റെ വിത്തുകൾ ആദ്യമായി വിതച്ചതു് അവളുടെ ഭക്തരായ മാതാപിതാക്കന്മാരും സഹോദരിമാരുമായിരുന്നു. അവരുടെ കുടുംബം എന്തുകൊണ്ടും മാതൃകായോഗ്യമായ ഒരു കത്തോലിക്കു കുടുംബമായിരുന്നു. ദിവസവും കാലത്തു സെലി കുട്ടികളെ എല്ലാം വിളിച്ചുകൂട്ടി അവരോടൊന്നിച്ചു പ്രഭാത നമസ്കാരങ്ങൾ ചൊല്ലും. വൈകുന്നേരം ഒരു നല്ല പുസ്തകത്തിൽനിന്നും കുറെ ഭാഗം വായിച്ചു അതിനെ എല്ലാവരും കേൾക്കും. രാത്രി നമസ്കാരങ്ങളും അവർ കൂട്ടമായിട്ടാണ് ചൊല്ലിയിരുന്നതു്. പ്രാർത്ഥനയിൽ മാർട്ടിൻ കാണിച്ചിരുന്ന ഭക്തിയെ കണ്ടു് പുണ്യവാന്മാർ പ്രാർത്ഥിക്കുന്നതെങ്ങനെയെന്നു താൻ മനസ്സിലാക്കി എന്നു വിശുദ്ധ കൊച്ചുത്രേസ്യാതന്നെ പ്രസ്താവിക്കുന്നു. എല്ലാദിവസവും വൈകുന്നേരം ത്രേസ്യാമ്മയും അപ്പനും നടക്കുവാൻ പോയിരുന്നു. നടക്കുന്നതിൽ എന്തെങ്കിലും ഒരു ദേവാലയത്തിൽ കയറി ശുദ്ധ കുർബ്ബാനയെ സന്ദർശിച്ചശേഷമേ വീട്ടിലേക്കു പോയിരുന്നുള്ളു.



'വാഴ്ത്തപ്പെട്ടവൻ' എന്നു പേരുവിളിക്കാൻ അനേഷണം നടത്തിവരുന്ന ആളെ സംബന്ധിച്ചുള്ള സകല വിവരങ്ങളും രേഖകളും പരിശോധിക്കണമെന്നും, അങ്ങിനെ അദ്ദേഹത്തിന്റെ സുകൃതങ്ങളെയും അദ്ദേഹംവഴി നടന്നിട്ടുള്ള അത്ഭുതങ്ങളെയും കുറിച്ചു പൂർണ്ണമായ അറിവു സമ്പാദിക്കണമെന്നുമാണു സഭാനിയമം. കാലംചെയ്ത ഫ്രാൻസീസ് മാപ്പുപ്പാതിരുമേനിയെ വാഴ്ത്തപ്പെട്ടവൻ എന്നു പേർവിളിക്കാൻ നടപടികൾ നടത്തിവരികയാണല്ലൊ. അതു സംബന്ധിച്ചു റോമിലെ വികാരി കുർബ്ബിനാൽ പൊമ്പീലി തിരുമനസ്സിലെ ഒരു കല്പന അവിടെയുള്ള എല്ലാ പള്ളികളുടെയും വാതുക്കൽ പതിക്കുകയുണ്ടായി. കാലം ചെയ്ത ഫ്രാൻസീസ് മാപ്പുപ്പായെ സംബന്ധിച്ചുള്ള എന്തെങ്കിലും രേഖകൾ കൈവശമുള്ളവർ, ആ മൂലപ്രതിയോ അഥവാ വൈദിക മേലദ്ധ്യന്മാരുടെ സാക്ഷ്യത്തോടുകൂടിയ അവയുടെ പകർപ്പോ രണ്ടു മാസത്തിനുള്ളിൽ കുർബ്ബിനാൽ തിരുമനസ്സിലെ എത്തിക്കേണമെന്നാണു കല്പനയുടെ താല്പര്യം.

പുതിയ പ്രസിദ്ധീകരണങ്ങൾ.

«ഈശോസഹവാസം.» (രണ്ടാംപതിപ്പ്.)

ഇതിൽ, ഒന്നാംപതിപ്പിൽ ഉണ്ടായിരുന്നതിൽ കൂടുതലായി ചില ജപങ്ങളും നാലുഗാനങ്ങളും ചേർത്തിട്ടുണ്ടു. ഇപ്പുസ്തകം ഫ്രാ. മണി. ഒ. മണി എന്നീ ആരാധനസമയങ്ങളിൽ ഉപയോഗിക്കാൻ ഏറ്റവും പറ്റിയതാണു്. ഒന്നാംപതിപ്പു ക്ഷണം വിറ്റുതീർന്നതുതന്നെ ഇപ്പുസ്തകത്തിന്റെ ഉപയോഗത്തിനു ഉത്തമ സാക്ഷ്യമാണല്ലൊ. വില മുമ്പിലത്തെപ്പോലെ $1\frac{1}{2}$ അണ മാത്രം. ജെ. എം. പ്രസ്സ് പുത്തമ്പള്ളി സെമ്മനാരി, വരാപ്പുഴ എന്ന വിലാസത്തിൽ അപേക്ഷിക്കുക. ഇതു ഉപകാരപ്രദമായ ഒരു ചെറുപുസ്തകം രചിച്ചു പ്രസിദ്ധംചെയ്ത ബ. മാവുങ്കൽ ജോസഫ് ശമ്മാശനെ ഞങ്ങൾഹാർദ്ദമായി അഭിനന്ദിച്ചുകൊള്ളുന്നു.

ഗിരിപ്രഭാഷണം.

സകലജാതിമതസ്ഥരും അന്യോന്യം ബഹുമാനിക്കയും പഠിച്ചു പ്രതിസ്ഥമാക്കുകയും ചെയ്യുവാനുള്ള ഒന്നാണല്ലൊ സുവിശേഷങ്ങളിൽ അടങ്ങിയിരിക്കുന്ന നമ്മുടെ കർത്താവീശോമ്ശിഹായുടെ «മലയിലെ പ്രസംഗം» അതിന്റെ പദ്യരൂപത്തിലുള്ള ഒരു പരിഭാഷയാണു് 'ഗിരിപ്രഭാഷണം' എന്ന ചെറുപുസ്തകം. ഈ കൃതിയേയും അതിന്റെ കർത്താവായ മിസ്റ്റർ കെ. ടി. ലോനപ്പനേയുംകുറിച്ചുള്ള മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള അവർകളുടെ അഭിപ്രായം താഴെ ചേർത്തുകൊള്ളുന്നു. «സാഹിത്യവിഷയത്തിൽ കേരളത്തിലെ ക്രിസ്ത്യർക്കു തട്ടിയിട്ടുള്ള കോട്ടം പരിഹരിക്കുന്നതിനു ഇക്കാലത്തു അതിൽ പല യുവാക്കന്മാരും പരിശ്രമിക്കുന്നുണ്ടു്. . . . . അക്കൂട്ടത്തിൽ മുന്നണിയിൽതന്നെ നില്ക്കുന്ന ഒരു യുവകവിയാണു മിസ്റ്റർ കെ. ടി. ലോനപ്പൻ. . . . . ഇതിലെ ഭാഷാലളിതവും സരസവുമാണെന്നു സമ്മതിക്കുതന്നെ വേണം. . . . . ഈ ഗാഥയുടെ എഴുത്തുഭാഗവും കൂട്ടികൾക്കുപോലും വായിച്ചാൽ പ്രയാസംകൂടാതെ അർത്ഥം മനസ്സിലാകത്തക്കവണ്ണം ലാളിത്യമുള്ളതാണു്. എല്ലാംകൊണ്ടും ഈ യുവകവിയുടെ പ്രസ്ഥാനം വളരെ ശോഭനമായിട്ടുണ്ടു്.» മിസ്റ്റർ ലോനപ്പന്റെ കവിത ആശയവിശേഷംകൊണ്ടും ശബ്ദമാധുര്യംകൊണ്ടും

അതിനാൽ വേദപുസ്തകത്തിൽ തെറ്റു് ഉണ്ടാകാൻപാടില്ല.

സഹൃദയഹൃദയാഹ്ളാദകരമാണെന്നുള്ളതിര അദ്ദേഹം 'കൈരളി, ചെറുപുഷ്പം, കഥാചന്ദ്രിക, പ്രേഷിതൻ;' മുതലായ മാസികകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഖണ്ഡകൃതികളും സാക്ഷ്യംവഹിക്കുന്നുണ്ട്. അവയിൽനിന്നു ചിലഭാഗങ്ങളും ഇപ്പുസ്തകത്തിന്റെ അവതാരികയിൽ ഉദ്ധരിച്ചിട്ടുമുണ്ട്. ഇപ്രകാരം കവിതാവാസനയുള്ള ഈ യുവാവിനെ പൊതുജനങ്ങളും കഴിയുന്നതു പ്രോത്സാഹിപ്പിക്കണമെന്നു ശുപാർശ ചെയ്കയും 'ഗിരിപ്രഭാഷണം' എന്ന "ഈ ഗ്രന്ഥം ഓരോ ക്രൈസ്തവകുടുംബത്തെയും അലങ്കരിക്കേണ്ടതാണ്" എന്നുള്ള റൈറ്റ് റവ. മോൺസിഞ്ഞോർ ആൻറണി പുതുശ്ശേരി അവർകളുടെ അഭിപ്രായത്തെ ഞങ്ങളും പിൻതാങ്ങുകയും ചെയ്യുന്നു.



വടക്കെ അമേരിക്കയിൽ ഒരു പ്രധാന കത്തോലിക്കവൈദികൻ, മോട്ടോർവണ്ടി അപകടത്തിൽ സാരമായി മുറിവേറ്റ ഏഴു വയസ്സു പ്രായമുള്ള ഒരു ആൺകുട്ടിയുടെ ജീവനെ രക്ഷിക്കാൻ തന്റെ ശരീരത്തിൽനിന്നു ഒരുകുപ്പി രക്തം കൊടുക്കുകയുണ്ടായി.

അടുത്ത സെപ്റ്റമ്പർമാസത്തിൽ ആസ്ത്രേലിയ ഭൂഖണ്ഡത്തിന്റെ തലസ്ഥാനപട്ടണമായ സിഡ്നിയിൽ കൂടുവാനിരിക്കുന്ന സർവ്വരാജ്യദിവ്യകാരുണ്യസംഘത്തിൽ "വി. കുർബ്ബാനയും ദേവമാതാവും" എന്ന വിഷയത്തെക്കുറിച്ചു പ്രധാനമായി പ്രതിപാദിക്കണമെന്നു പരിശുദ്ധപിതാവു കല്പിച്ചിരിക്കുന്നു.

ഇംഗ്ലണ്ടിൽ സതാക്കു എന്ന രൂപതയിൽ കഴിഞ്ഞകൊല്ലം ൧൦൦൦-ൽ അധികം ആളുകൾ കത്തോലിക്കസഭയിൽ ചേരുകയുണ്ടായി.

വളരെ ബുദ്ധിസാമർത്ഥ്യമുള്ള മനുഷ്യരുടെ അഭിപ്രായങ്ങളും നടപടികളും ശരിയായ മതവിശ്വാസത്താൽ നിയന്ത്രിക്കപ്പെടാത്ത പക്ഷം അവർ ഏറ്റവും നിർഭാഗ്യരും വലിയ ഉപദ്രവകാരികളുമായി തീരുന്നതാണ്. അവരുടെ വിശാലമായ ബുദ്ധിക്കു പ്രവർത്തിക്കാൻ തക്ക ഒരു വിഷയവും ആ പ്രവർത്തിയെ നിയന്ത്രിക്കുന്ന ഒരു ശക്തിയും ആവശ്യമാകുന്നു. തങ്ങളുടെ സൃഷ്ടാവായ ദൈവത്തിന്റെ നേരെയുള്ള സ്നേഹം ഒന്നു മാത്രമേ ഈ രണ്ടു ആവശ്യങ്ങളും സാധിച്ചു കൊടുക്കാൻ പര്യാപ്തമായിരിക്കുന്നൊള്ളു.

കർദ്ദിനാൾ ന്യൂമാൻ

വേദപുസ്തകത്തിൽ ഒരിടവും ഉണ്ടെന്നു തോന്നിയേക്കാം.

ചെറുപുഷ്പ നൊവേന.

എല്ലാമാസവും ൨൪-ാം തീയതി ആരംഭിച്ചു ൩൦-ാം തീയതി അവസാനിക്കുന്ന ഈ നൊവേനകളിൽ പങ്കുകൊള്ളേണമെന്നു ആഗ്രഹിക്കുന്നവരുടെ അപേക്ഷകൾ എത്രയെങ്കിലും സൌജന്യമായി സ്വീകരിച്ചു 'ചെറുപുഷ്പ' പ്രതിമയുടെ മുമ്പിലുള്ള 'അപേക്ഷപ്പെട്ടി'യിൽ നിക്ഷേപിച്ചു തിരുശ്ശേഷിപ്പും എഴുന്നെള്ളിച്ചുവച്ചുകൊണ്ടു നവനാൾ ജപങ്ങൾ ആഘോഷപൂർവ്വം നടത്തപ്പെടുന്നതാകുന്നു. പിന്തുങ്കൽ കെടാവിളക്കിനു ൯ ദിവസത്തേക്കു ൨ ക. ലദീഞ്ഞു ഫ നു ഫ ക.

ഉപകാരസ്മരണകൾ.

അത്ഭുതപ്രവർത്തകയായ വിശുദ്ധ കൊച്ചുത്രേസ്യായെ! പാവപ്പെട്ട ഞങ്ങളുടെ എളിയ അപേക്ഷകൾ വഴിയായി അങ്ങു നൽകുന്ന സകല ഉപകാരങ്ങൾക്കായിക്കൊണ്ടും ഞങ്ങൾ പരസ്യമായി അങ്ങയെ സ്തുതിക്കുന്നു. അനാഥപൈതങ്ങൾ—പ്രത്യേകമായ ഒരുകാര്യം സാധിച്ചതിനു ഉപകാരസ്മരണ ൨ ക. സി. എഫ്. ജോസഫ്. വിശുദ്ധ കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സഫലമായതിനു കൃതജ്ഞതയായി ഫ ക. വ ണ. പറക്കാട്ട ഇട്ടീരാ അവുസേപ്പു, കൊരട്ടി. ഫ ക വ ണ. കാഠിത്ര കുരുവിള ത്രേസ്യാ, കുമ്പളം. ൩ ക. വ ണ. എഡി. പോൾ, എറണാകുളം.

പ്രത്യേക നൊവേനകൾക്കും അപേക്ഷകൾക്കുമായി സംഭാവന. മെസ്സേഷ്സ് മണ്ണനാൽ അവുസേപ്പു അവുസേപ്പു ൩ ക. വടക്കയിൽ ദേവസ്യ ൩ ക. പറക്കാടത്തു പൌലോസ് വറിയത്തു ഫ ക. അന്തുങ്കൽ സേവിയർ ൨ ക സി. സി. അന്തോണി ൩ ക. മിസ്സ് ടി. കെ. എലി ൨ ക ന്യ ണ.

അപേക്ഷകളും മാറും അയക്കേണ്ടും മേൽവിലാസം:—

തിരുഹൃദയ അനാഥശാല മാനേജർ, മൂക്കന്നൂർ—അങ്കമാലി.

* * * *

പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു ആഘോഷം കുമ്പാനയ ചൊല്ലിയതു കോർസോവിൽ സാൻ കാർലോ എന്ന സ്ഥലത്തു വച്ചാണ്. ആ വിടത്തെ ഗുരുപ്പട്ട ജൂബിലി സംബന്ധിച്ചു പ്രസ്തുത സ്ഥലത്ത് ഒരു സ്മാരകം പണിയുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

അല്ല അതിലെ ശരിയായ അർത്ഥം ഗ്രഹിക്കാഞ്ഞിട്ടാണ്.

കൃതജ്ഞതാപ്രകാശനം.

ക. വി. കൊച്ചുത്രേസ്യാ പുന്യവതിയുടെ പ്രത്യേക കടാക്ഷത്താൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിനു നന്ദിയായി ക്രമ. എം. സി. ബി. പള്ളുരുത്തി.

ക. വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിനു നന്ദിയായി ക്രമ. വുണ. ആനാമ്പുരുത്തി വക്കി വക്കി, എറണാകുളം.

നു. എന്റെ അച്ചനു നുമാസം മുമ്പു തുടങ്ങിയതായ ഒരു സുഖക്കേടു രണ്ടു അപ്പോത്തിക്കിരിമാരുടേയും ഒരു നാട്ടു വൈദ്യന്റേയും ചികിത്സനടത്തിയതിൽ യാതൊരു ഫലവും കിട്ടാതെ വ്യസനിച്ചിരിക്കയിൽ കൊരട്ടിപ്പള്ളിയിൽ വി. കൊച്ചുത്രേസ്യാ പുന്യവാളത്തിയെക്കുറിച്ചു ൻദിവസത്തെ നൊവേനു, ലുതീഞ്ഞു മുതലായതും രണ്ടു പാട്ടുകുമ്പാനയും തുടങ്ങിയതിൽ ആറാം ദിവസം ആരാലും അനപക്ഷിക്കപ്പെടാത്തതായ ഒരു നാട്ടു വൈദ്യൻ വന്നു ചികിത്സനടത്തി രോഗശമനം കാണുകയും ൻ-ാം ദിവസം രോഗം സുഖമായി വി. കുമ്പാന കൈക്കൊള്ളുകയുംചെയ്തു. ഇതിനു ഉപകാരസ്മരണയായി രണ്ടുറുപ്പിക അയക്കുന്നു.

ക്രുവക്കാടൻ അപ്പുസേപ്പു തോമസ്, കൊരട്ടി.

കൊച്ചുത്രേസ്യാ പുന്യവതിയോടു അപേക്ഷിക്കുന്ന പ്രത്യേക കാര്യം സാധിച്ചു തരുന്നതിനു ക്രമ. അയയ്ക്കുന്നു.

മാന്നി പൂന്നോളി. കോതമംഗലം.

ഞാൻ യൌസേപ്പു പിതാവിന്റെയും കൊച്ചുത്രേസ്യാപുന്യവതിയുടെയും മാദ്ധ്യസ്ഥം മൂലം അതിശയമായ വിധം പരീക്ഷയിൽ വിജയിയായി തീർന്നിരിക്കുന്നു. വിവരം ചന്ദ്രികയിൽ പ്രസിദ്ധം ചെയ്യുന്നതിനു ക്രമ. അയയ്ക്കുന്നു. T. J. R.

— ദേശം —

ഹംഗറിയിലെ പ്രൈമേറ് ആയ പുതിയ കർദ്ദിനാൾസാരേഡിയുടെ വയസ്സു പ്രായമേ ആയിട്ടുള്ളൂ. അദ്ദേഹം ഒരു കൊല്ലം മുമ്പു കൈതൻ സന്യാസി ആയിരുന്നു. ഈ കൊല്ലം പട്ടക്കാരനുമായിരുന്നു. കാനൻ നിയമത്തിൽ തനിയ്ക്കുള്ള പാണ്ഡിത്യം മൂലമാണ് അദ്ദേഹം റോമയിൽ പ്രവാദി നേടിയതു്. ഈ ജനുവരി ൨൭-ാംനു പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടുതന്നെ അദ്ദേഹത്തെ ആച്ചുബിഷൊപ്പായി അഭിഷേകം ചെയ്യുന്നതാകുന്നു.

* * * *

പലതരം ജോലിക്കാരിലും അന്യമതത്തിൽനിന്നു മാനസാന്തരപ്പെട്ട വൈദികരിലും പട്ടത്തിനുള്ള ദൈവവിളിയുണ്ടെന്നു വിശ്വാസമുള്ളവർക്കു ആ വിഷയത്തിൽ പരിജ്ഞാനം നൽകുവാനായി വെസ്റ്റ്മിനിസ്റ്ററിൽ ഒരു പുതിയ വൈദികവിദ്യാലയം തുറന്നിരിക്കുന്നു.



എറണാകുളം അതിരൂപതയുടെ മഹാ വന്ദ്യ ദിവ്യ ശ്രീ കണ്ടത്തിൽ മാർ ആഗസ്തീനോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ അംഗീകരണം സിദ്ധിച്ചിട്ടുള്ളതും വരാപ്പുഴ അതിരൂപതയിലും ഇൻഡ്യയിൽ പലെ രൂപതകളിലും ഉപയോഗിച്ചുവരുന്നതുമായ "മെറും" കുബ്ബാനവീഞ്ഞു് താഴെ കാണുന്ന മേൽവിലാസത്തിൽ എപ്പോൾ ആവശ്യപ്പെട്ടാലും തയാറുണ്ടു്.

എറണാകുളത്തുനിന്നു തിരുവിതാങ്കൂർ അതൃത്തിയിലുള്ള പള്ളികളിലേക്കോ തിരുവിതാങ്കൂർ അതൃത്തികടത്തി കൊച്ചി അതൃത്തിയിലുള്ള പള്ളികളിലേക്കോ വീഞ്ഞു് കൊണ്ടുപോകുന്നതിനു വേണ്ടിവരുന്ന രഹദാരികൾ ആവശ്യക്കാരുടെ ചിലവിന്മേൽ ഞങ്ങൾ നേരിട്ടു അപേക്ഷിച്ചു വരുത്തിക്കൊടുക്കുന്നതാണു്.

വില കുപ്പി ഫ്രീ ഉ. കു. മാത്രം.

ഫ്രവ്ൻൻ-മുതൽ ഇതേവരെ ക്രമമായ വിധത്തിലും മിതമായ വിലയ്ക്കും പള്ളികളിലേക്കു് വീഞ്ഞു കൊടുത്തുവരുന്ന ഞങ്ങളെ യഥാശക്തി സഹായിപ്പാറാവണം.

മെസ്സേഴ്സ് വളവി ആൻറു് കമ്പനി.

വൈൻ കച്ചവടം,—എറണാകുളം.

വില ആദായം.	നല്ല സാമാനം.	കൂലി ആദായം.

മരംകൊണ്ടുള്ള എല്ലാത്തരം സാമാനങ്ങളും കാലോചിതമായ രീതിയിൽ പണിചെയ്തുകൊടുപ്പാനും പണിതു തയ്യാർചെയ്തിട്ടുള്ളതു് മിതമായ വിലക്കു വില്പാനും ഞങ്ങളുടെ വക്കഷോപ്പിൽ എപ്പോഴും തയാറുണ്ടു്. എല്ലാത്തരം ആഘോഷങ്ങൾക്കും, കല്യാണ അടിയന്തിരത്തിനും പറ്റിയ മമയങ്ങൾക്കുള്ള വിവിധ സാമാനങ്ങൾ ആച്ചുകൾ, മണക്കോലം മുതലായവ കൂലിക്കു കൊടുപ്പാനും ഞങ്ങൾ തയ്യാർ ചെയ്തിരിക്കുന്നു. പലെമഹാന്മാരും ഉപയോഗിച്ചു അവരുടെ പ്രശംസയ്ക്കും കീർത്തിക്കും പാത്രീഭവിച്ചിട്ടുള്ള ഞങ്ങളുടെ ആച്ചും മണിക്കോലവും മാന്യമഹാജനങ്ങൾ ഒന്നു പരീക്ഷിച്ചു നോക്കുവിൻ.

സി. ഡി. ആഗസ്റ്റിൻ & ബ്രദേഴ്സ്

റയിൽവെ റോഡ്—എറണാകുളം.

"കഥാചന്ദ്രിക"യുടെ വരിസംഖ്യ.

കൊല്ലത്തിൽ ഫ. രൂ. ണ. ഒറ്റപ്രതിയ്ക്കു ഉ. ണ. ന്നു പൈ.

ആറു മാസത്തെ വരിസംഖ്യയെങ്കിലും മുൻകൂറു അടയ്ക്കാതെയുള്ള അപേക്ഷകൾ സ്വീകരിയ്ക്കുന്നതല്ല.

മാനേജിങ്ങ് എഡിറ്റർ, "കഥാചന്ദ്രിക"

മെത്രാപ്പോലീത്തൻപള്ളി, എറണാകുളം.

ഉത്തമചികിത്സ.

പല്ലുകൾ മുഴുവനായി തയ്യാറാക്കികൊടുക്കുക, സ്വർണ്ണപ്പല്ലുകൾ വെച്ചുകൊടുക്കുക, വേദനകൂടാതെ പിഴുതെടുക്കുക, ദ്വാരമുള്ള പല്ലുകൾ വെള്ളികൊണ്ടു അടയ്ക്കുക മുതലായ ജോലികൾ മിതമായ നിരക്കിൽ എത്രയും തൃപ്തികരമായവിധം ചെയ്തുകൊടുക്കുന്നതാണ്. എല്ലാദിവസവും ദീനക്കാരെ സ്വീകരിക്കും. വരി ശോധനകർക്കും ഉപദേശങ്ങൾക്കും പ്രതിഫലം ആവശ്യമില്ല. ഒരിക്കൽ പരീക്ഷിക്കുന്നതുകൊണ്ടുതന്നെ ആക്കും പൂർണ്ണതൃപ്തിവരും.

ഡോക്ടർ സി. ഒ. ലാസർ, സി. ഡി. എസ്സ്,

ബ്രോഡ്വെ, — എറണാകുളം.



പലേ കീർത്തിമുദ്രകളും

വീരശൃംഖലകളും ലഭിച്ചിട്ടുള്ള

ജെ. അഗസ്റ്റിൻ ചരുവാല ആൻഡ് സൺസ്

മെയിൻ. എസ്. പ്രസ്സ് റോഡ്, എറണാകുളം.

സകലവിധ അലങ്കാരപ്പണികൾ, ചിത്രവര, റോട്ടോ വലുതാക്കൽ, കൊത്തുപണികൾ (മരത്തിലും മണ്ണിലും ഓടിലും) ചെയ്തുകൊടുക്കാൻ തയ്യാർ. സ്വാഭാവിക വർണ്ണങ്ങൾ, വിശിഷ്ട തങ്കവേല, ജീവതുല്യമായ പളുങ്കു കണ്ണുകൾ.

കേരളത്തിലെ മെത്രാന്മാരാൽ അംഗീകരിക്കപ്പെട്ടപുരാതന തൊഴിൽക്കാരെ പ്രോത്സാഹിപ്പിക്കുവിൻ. മിതമായ നിരക്ക് — മേൽത്തരം പണി.

Printed and published by Rev. Jacob Naduvathuchery at the "Mar Louis Memorial" Press — Ernakulam.